പന്ത്രണ്ടാം കേരള നിയമസഭ

# സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി
# (2006-2008)

## ആറാമത് റിപ്പോർട്ട്

(2008 മാർച്ച് 17-ാം തീയതി സമർപ്പിച്ചത്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2008

പന്ത്രണ്ടാം കേരള നിയമസഭ

# സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി
# (2006–2008)

## ആറാമത് റിപ്പോർട്ട്

(2008 മാർച്ച് 17–ാം തീയതി സമർപ്പിച്ചത്)

307/2008.

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം I | .. | 7 |
| അനുബന്ധം II | .. | 27 |
| അനുബന്ധം III | .. | 28 |
| അനുബന്ധം IV | .. | 31 |

## സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി (2006–2008)

### ഘടന

<u>ചെയർമാൻ</u> :

ശ്രീ. ജോസ് തെറ്റയിൽ

<u>അംഗങ്ങൾ</u> :

ശ്രീ. പി. കൃഷ്ണപ്രസാദ്

,, മുരളി പെരുനെല്ലി

,, വി. ശശികുമാർ

,, സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്

,, കെ. ശിവദാസൻ നായർ

,, പി. തിലോത്തമൻ

,, തോമസ് ഉണ്ണിയാടൻ

,, എം. ഉമ്മർ

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ഡോ. എൻ. കെ. ജയകുമാർ, സെക്രട്ടറി
ശ്രീമതി ആർ. പ്രസന്നകുമാരി, ജോയിന്റ് സെക്രട്ടറി
,, ജെ. സരളാദേവി, ഡെപ്യൂട്ടി സെക്രട്ടറി
,, പി. ജയലക്ഷ്മി, അണ്ടർ സെക്രട്ടറി

## അവതാരിക

സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ, സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതിയുടെ ആറാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

2003-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി ആക്ടിലെ 25-ാം വകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരം വിനിയോഗിച്ചുകൊണ്ട് സർക്കാർ പുറപ്പെടുവിച്ച 2004-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി ചട്ടങ്ങൾ (എസ്. ആർ. ഒ. നമ്പർ 621/2004. ജി. ഒ. (എംഎസ്.) നമ്പർ 83/2004/നിയമം തീയതി 17-6-2004) സമിതി വിശദമായ പഠനത്തിന് വിധേയമാക്കി.

ആക്ടിലെയും ചട്ടത്തിലെയും വ്യവസ്ഥകൾ ഫലപ്രദമായി നടപ്പാക്കുന്നതു സംബന്ധിച്ച അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സ്വരൂപിക്കുന്നതിനായി കോഴിക്കോട്, എറണാകുളം എന്നീ ജില്ലകളിൽ യോഗങ്ങൾ ചേരുകയും അഡ്വക്കേറ്റ്സ് അസോസിയേഷൻ, അഡ്വക്കേറ്റ് ക്ലാർക്ക്സ് അസോസിയേഷൻ, അഡ്വക്കേറ്റ് ക്ലാർക്കുമാർ, നിയമ വകുപ്പ് ഉദ്യോഗസ്ഥർ എന്നിവരിൽ നിന്നും തെളിവെടുക്കുകയും ചെയ്തു. സമിതി മുമ്പാകെ ഹാജരായി തെളിവു നൽകിയവരുടെ പേരുവിവരം അനുബന്ധം IV ആയി ചേർത്തിരിക്കുന്നു.

ഈ വിഷയത്തിൽ സമിതി നടത്തിയ പഠനത്തിന്റേയും തെളിവെടുപ്പിന്റേയും ചർച്ച കളുടേയും അടിസ്ഥാനത്തിൽ ഉരുത്തിരിഞ്ഞ അഭിപ്രായങ്ങളും ശുപാർശകളും അടങ്ങു ന്നതാണ് ഈ റിപ്പോർട്ട്.

2008 മാർച്ച് മാസം 11-ാം തീയതി കൂടിയ യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

ജോസ് തെറ്റയിൽ,

ചെയർമാൻ,

സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി.

തിരുവനന്തപുരം,

17-3-2008.

# റിപ്പോർട്ട്

## 2003-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി ആക്ട്

## (2003-ലെ 27-ാം ആക്ട്)

കേരള സംസ്ഥാനത്ത് അഡ്വക്കേറ്റ് ക്ലാർക്കുമാരുടെ ക്ഷേമത്തിനായി ഒരു ക്ഷേമനിധി രൂപീകരിക്കുന്നതിനും അതിനോടനുബന്ധിച്ചതോ ആനുഷംഗികമായതോ ആയ കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്തുകൊണ്ട് കേരള നിയമസഭ പാസ്സാക്കിയ നിയമമാണ് 2003-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി ആക്ട്.

2. 2003-ലെ 27-ാം ആക്ടായി പ്രസിദ്ധീകരിച്ച ഈ നിയമത്തിലെ വ്യവസ്ഥകൾ കാര്യക്ഷമമായി നടപ്പാക്കുകയെന്ന ലക്ഷ്യം കൈവരിക്കുന്നതിനായി ഈ ആക്ടിലെ 25-ാം വകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരം വിനിയോഗിച്ചുകൊണ്ട് കേരള സർക്കാർ '2004'-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി ചട്ടങ്ങൾ (എസ്.ആർ.ഒ. നമ്പർ 621/2004 ജി. ഒ. (എംഎസ്.) നമ്പർ 83/2004/നിയമം. തീയതി 17-6-2004) പുറപ്പെടുവിക്കുകയുണ്ടായി (അനുബന്ധം I). കേരള നിയമസഭയുടെ സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റിയിൽ നിക്ഷിപ്തമായിട്ടുളള അധികാര അവകാശങ്ങൾ മുൻനിർത്തി ചട്ടങ്ങൾ വിശദമായി പരിശോധിക്കുകയുണ്ടായി. നിയമത്തിലെ വ്യവസ്ഥകളുടെ അന്തസത്ത ഉൾക്കൊണ്ടിട്ടുണ്ടോ എന്നും ചട്ടത്തിൽ എന്തെങ്കിലും പ്രായോഗികമായ പോരായ്മകൾ ഉണ്ടെങ്കിൽ അത് പരിഹരിച്ചുകൊണ്ട് ചട്ടം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും ഏത് വിഭാഗത്തിന്റെ ഉന്നമനത്തിനാണോ അത് ലക്ഷ്യം വയ്ക്കുന്നത് ആ ഉദ്ദേശലക്ഷ്യങ്ങൾ കൈവരിച്ചിട്ടുണ്ടോ എന്നത് സംബന്ധിച്ചുമാണ് സമിതി ചർച്ചകളും വിലയിരുത്തലുകളും നടത്തിയത്.

3. 2007 മെയ് മാസം 16-ാം തീയതി തിരുവനന്തപുരത്തു വച്ച് ചേർന്ന സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി യോഗത്തിൽ ഈ ചട്ടങ്ങളെ സംബന്ധിച്ച് നിയമവകുപ്പുമായി ഒരു പ്രാരംഭ ചർച്ച നടത്തിയിരുന്നു. ആക്ടിലെ 17-ാം വകുപ്പിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി ചട്ടം 10(2)-ൽ അപേക്ഷാഫീസായി 250 രൂപ അടയ്ക്കണമെന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നതിൽ വന്ന പിശക് സമിതി പ്രഥമദൃഷ്ട്യാ കണ്ടെത്തുകയും തിരുത്തൽ വിജ്ഞാപനം പുറപ്പെടുവിക്കാൻ നിർദ്ദേശം നൽകുകയും ചെയ്തിരുന്നു. സമിതി നിർദ്ദേശ പ്രകാരമുള്ള ഭേദഗതി വരുത്തിക്കൊണ്ട് എസ്.ആർ.ഒ. നമ്പർ 1025/2007 ജി.ഒ. (എംഎസ്) നമ്പർ 261/2007/നിയമം തീയതി 6-12-2007 പ്രകാരം തിരുത്തൽ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളത് അനുബന്ധം II ആയി ചേർത്തിട്ടുണ്ട്.

4. ചട്ടത്തിലെ ചില വ്യവസ്ഥകൾ ആക്ടിലെ വ്യവസ്ഥകൾക്ക് അനുസൃതമല്ലെന്നും ദുരുപയോഗം ചെയ്യപ്പെടാൻ സാധ്യതയുള്ളതാണെന്നും അഡ്വക്കേറ്റ് ക്ലാർക്കുമാരുടെ ക്ഷേമത്തിനുതകുന്ന പല വ്യവസ്ഥകളും ചട്ടത്തിൽ ഉൾപ്പെടുത്തേണ്ടതുണ്ടെന്നും സമിതി കണ്ടെത്തുകയും കേരളത്തിലുള്ള എല്ലാ അഡ്വക്കേറ്റ് ക്ലാർക്കുമാർക്കും ഈ ക്ഷേമ നിധിയുടെ ആനുകൂല്യം ലഭിക്കണമെന്ന ഉദ്ദേശം നിറവേറ്റുന്നതിനായി വിപുലമായ വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള സമഗ്രമായ ഒരു ക്ഷേമനിധി ആവശ്യമാണെന്നും

ഇതു സംബന്ധിച്ച് അഭിപ്രായം സ്വരൂപിക്കുന്നതിനായി കോഴിക്കോട്, എറണാകുളം എന്നീ ജില്ലകളിൽ യോഗം ചേരുന്നതിനും അഡ്വക്കേറ്റ്സ് അസോസിയേഷൻ, അഡ്വക്കേറ്റ് ക്ലാർക്ക്സ് അസോസിയേഷൻ, അഡ്വക്കേറ്റ് ക്ലാർക്കുമാർ, നിയമവകുപ്പ് ഉദ്യോഗസ്ഥർ എന്നിവരിൽ നിന്നും തെളിവെടുക്കുന്നതിനും അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സ്വീകരിക്കുന്നതിനും തീരുമാനിക്കുകയുണ്ടായി. പ്രസ്തുത തെളിവെടുപ്പുകളി ലൂടെ സമിതിയ്ക്ക് ലഭിച്ച തെളിവുകളുടെ അടിസ്ഥാനത്തിലും സമിതിയ്ക്ക് ബോധ്യപ്പെട്ട വസ്തുതകളെ അടിസ്ഥാനമാക്കിയുമുള്ള നിർദ്ദേശങ്ങളും ശുപാർശകളും അടങ്ങുന്നതാണ് ഈ റിപ്പോർട്ട്.

5. ആക്ട് 20(ബി) വകുപ്പ് ഫണ്ടിലെ അംഗങ്ങൾക്കും, അവരുടെ ആശ്രിതർക്കും ചികിത്സയ്ക്കും, വിദ്യാഭ്യാസത്തിനും വേണ്ട സൗകര്യങ്ങൾക്കും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള പെൻഷൻ ഉൾപ്പെടെയുള്ള മറ്റ് ആനുകൂല്യങ്ങൾക്കും വ്യവസ്ഥ ചെയ്യാവുന്നതാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ചട്ടം 11(1)-ലും ഫണ്ടിലെ ഒരംഗത്തിന് തൊഴിൽ അവസാനിപ്പിക്കുമ്പോൾ, ഒരു അഡ്വക്കേറ്റ് ക്ലാർക്ക് ആയി അയാൾ തൊഴിൽ ചെയ്ത വർഷങ്ങളുടെ എണ്ണം അടിസ്ഥാനപ്പെടുത്തി, പട്ടികയിൽ പ്രത്യേകം പറഞ്ഞിട്ടുള്ള നിരക്കുകളിൽ ഒരു സഞ്ചിത തുകയും പെൻഷനും ഫണ്ടിൽ നിന്നും ലഭിക്കുന്നതിന് അർഹത ഉണ്ടായിരിക്കുന്നതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ അഡ്വക്കേറ്റ് ക്ലാർക്കുമാർക്കുള്ള പെൻഷൻ പദ്ധതി ഇതുവരെ നടപ്പിലാക്കിയിട്ടില്ലായെന്ന് സമിതി മനസ്സിലാക്കുന്നു. <u>അഡ്വക്കേറ്റ് ക്ലാർക്കായി കുറഞ്ഞത് 10 വർഷം ജോലി ചെയ്തുവരുന്നവരും ക്ഷേമനിധിയിൽ അംഗമാവുകയും വാർഷിക വരിസംഖ്യ അടയ്ക്കുകയും നിയമാനുസൃതരേഖകൾ ലഭിയ്ക്കുകയും ചെയ്തിട്ടുള്ളവരും 60 വയസ്സ് പൂർത്തിയായിട്ടുള്ളവരുമായ അഡ്വക്കേറ്റ് ക്ലാർക്കുമാർ ജോലിയിൽ നിന്നും വിരമിക്കുമ്പോൾ കുറഞ്ഞത് 750 രൂപയും പരമാവധി 1500 രൂപയും പെൻഷനായി ലഭിക്കത്തക്കവിധത്തിലുള്ള ഒരു പെൻഷൻ പദ്ധതി നടപ്പാക്കണമെന്നും അംഗത്തിന്റെ മരണശേഷം നോമിനികൾക്ക്/അവകാശികൾക്ക് കുടുംബ പെൻഷൻ ക്ഷേമനിധി പെൻഷൻ പദ്ധതി പ്രകാരം ലഭിക്കുന്നതിനുള്ള വ്യവസ്ഥ നിയമത്തിൽ പ്രത്യേകം ചേർക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.</u>

6. ഹൈക്കോടതി ഉൾപ്പെടെയുള്ള എല്ലാ കോടതികളും വ്യവഹാരത്തിനായി സമീപിക്കുന്ന കക്ഷികളിൽ നിന്നും വക്കാലത്തിൽ പതിയ്ക്കുന്നതിനായി അഡ്വക്കേറ്റ് ക്ലാർക്ക് വെൽഫെയർ ഫണ്ട് സ്റ്റാമ്പ് എന്ന മുദ്രണത്തോടുകൂടിയുള്ള സ്റ്റാമ്പിന്റെ വിലയായി ഇപ്പോൾ രണ്ട് രൂപയാണ് ഈടാക്കിവരുന്നത്. ഈ തുക കക്ഷികളിൽ നിന്നും ഈടാക്കാൻ പാടില്ലായെന്നും അഡ്വക്കേറ്റ് ക്ലാർക്കുമാർ അവർക്കു ലഭിക്കുന്ന റൈറ്റിംഗ് ചാർജ്ജിൽ നിന്ന് വാങ്ങേണ്ടതാണെന്നും സമിതി ഇത്തരുണത്തിൽ പ്രത്യേകം നിഷ്കർഷിക്കുന്നു. <u>ക്ഷേമനിധി ഫണ്ടിലേയ്ക്കുള്ള പ്രധാന ധനാഗമ മാർഗ്ഗം ഇതുതന്നെയാണെന്നതിനാൽ ഫണ്ടിൽ നിന്നുള്ള അധികരിച്ച ചെലവ് പരിഗണിച്ച് സ്റ്റാമ്പ് വില 2 രൂപയിൽ നിന്ന് 6 രൂപയായി വർദ്ധിപ്പിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.</u>

7. അഡ്വക്കേറ്റ് ക്ലാർക്ക് എന്ന തൊഴിലിൽ നിന്നും റിട്ടയർ ചെയ്യുന്നവരുടേയും തൊഴിൽ അവസാനിപ്പിക്കുന്നവരുടേയും എണ്ണം വരും കാലങ്ങളിൽ വളരെ വർദ്ധിയ്ക്കുമെന്നുള്ളതിനാൽ ക്ഷേമനിധി ഫണ്ടിന്റെ സാമ്പത്തിക സുസ്ഥിരതയ്ക്ക് കോട്ടം വരാനുള്ള സാധ്യത കണക്കിലെടുക്കേണ്ടതാണെന്ന് സമിതി അഭിപ്രായപ്പെടുന്നു. ഫണ്ടിൽ നിന്നും ക്ഷേമനിധി തുകയായും മറ്റ് ക്ഷേമ ആനുകൂല്യങ്ങളായും നൽകേണ്ടി വരുന്ന വർദ്ധിച്ച തുകയ്ക്ക് അനുസൃതമായി ഫണ്ടിലേക്കുള്ള വരവും വർദ്ധിപ്പിക്കേണ്ടതായിട്ടുണ്ട്.

ഇക്കാര്യങ്ങളെ സംബന്ധിച്ച് വിശദമായി ചർച്ച ചെയ്ത സമിതി വാർഷിക വരി സംഖ്യ 200 രൂപയിൽ നിന്ന് 400 രൂപയായി വർദ്ധിപ്പിക്കണമെന്നും നിയമാനുസൃതം നൽകേണ്ട ക്ഷേനിധി തുക കാലോചിതമായി പരിഷ്കരിച്ച് ഒരു ലക്ഷം രൂപയിൽ നിന്ന് 2 ലക്ഷമായി വർദ്ധിപ്പിക്കണമെന്നും ശുപാർശ ചെയ്യുന്നു. ഓരോ തവണയും ക്ഷേനിധി തുക വർദ്ധിപ്പിക്കുമ്പോൾ ഓരോ പ്രാവശ്യവും ആക്ടിൽ ഭേദഗതി വരുത്തേണ്ടി വരുമെന്ന പ്രായോഗിക ബുദ്ധിമുട്ട് ഒഴിവാക്കാൻ ക്ഷേമനിധി തുക വർദ്ധിപ്പിക്കുന്നതിനുള്ള അധികാരം കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് വെൽഫെയർ ഫണ്ട് കമ്മിറ്റിക്ക് നൽകുകയോ, അല്ലാത്ത പക്ഷം കാലാനുസൃതമായി ക്ഷേമനിധി ഫണ്ട് വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ വ്യവസ്ഥകൾ ചട്ടങ്ങളിൽ ഉൾക്കൊള്ളിക്കുകയോ ചെയ്യണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

8. 4-3-2006-ൽ പുറപ്പെടുവിച്ച ഭേദഗതി ചട്ടം (അനുബന്ധം III) (എസ്.ആർ.ഒ. നമ്പർ 213/06) 2 (എ) പ്രകാരം ഒരംഗം ഫണ്ടിൽ അംഗമായി പ്രവേശിച്ച് അഞ്ച് വർഷത്തിനകം മരണം സംഭവിക്കുകയാണെങ്കിൽ ഫണ്ടിൽ നിന്ന് 15,000 രൂപ ആശ്രിതർക്ക് നൽകേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നു. 2 (ബി) (1) പ്രകാരം സ്ഥിരമായി അവശത അനുഭവിക്കുന്ന ഒരംഗത്തിന് അയാൾ ഫണ്ടിൽ പ്രവേശിച്ച് അഞ്ച് വർഷത്തിനകം അംഗത്വം പിൻവലിക്കുന്ന പക്ഷം അയാൾ അഡ്വക്കേറ്റ് ക്ലാർക്കായി കുറഞ്ഞത് പത്ത് വർഷമെങ്കിലും സേവനം അനുഷ്ഠിച്ചിട്ടുണ്ടെങ്കിൽ അയാൾക്ക് 15,000 രൂപ ഫണ്ടിൽ നിന്ന് നൽകാവുന്നതാണെന്നും പരാമർശിച്ചിട്ടുണ്ട്. തീരെ അവശത അനുഭവിക്കുന്നവർ മാത്രമേ അഡ്വക്കേറ്റ് ക്ലാർക്ക് ജോലിയിൽ നിന്നും പിരിഞ്ഞുപോകാൻ തയ്യാറാവുകയുള്ളുവെന്നും അവശത തെളിയിക്കുന്നതിന് മെഡിക്കൽ ബോർഡ് നൽകുന്ന സർട്ടിഫിക്കറ്റ് ഹാജരാക്കണമെന്നും നിബന്ധനയുള്ളതിനാൽ വളരെ പെട്ടെന്ന് പിരിഞ്ഞ് പോകാൻ സാധ്യതയില്ലെന്നതിനാൽ ഈ തുക വർദ്ധിപ്പിക്കേണ്ടതാണെന്ന ആവശ്യത്തിൽ കഴമ്പുണ്ടെന്നും ഈ ആവശ്യം തികച്ചും ന്യായയുക്തമാണെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ക്ഷേമനിധിയിൽ അംഗത്വമെടുത്ത് അഞ്ച് വർഷത്തിനകം മരിച്ചുപോകുകയോ അവശതമൂലം വിരമിക്കുകയോ ചെയ്യുന്ന വക്കീൽ ഗുമസ്തന്മാർക്കുള്ള ആനുകൂല്യം 15,000 രൂപയിൽ നിന്ന് 30,000 രൂപയായി വർദ്ധിപ്പിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

9. വിരമിക്കുന്ന അഡ്വക്കേറ്റ് ക്ലാർക്കുമാരുടെ കാര്യത്തിൽ അംഗീകൃത മെഡിക്കൽ പ്രാക്ടീഷണർ ഉൾപ്പെട്ട മെഡിക്കൽ ബോർഡിന്റെ സർട്ടിഫിക്കറ്റ്, ബന്ധപ്പെട്ട യൂണിറ്റിൽ നിന്നുള്ള സർട്ടിഫിക്കറ്റ്, ബന്ധപ്പെട്ട അഡ്വക്കേറ്റിന്റെ സർട്ടിഫിക്കറ്റ് എന്നിവ നിർബന്ധമായി ഹാജരാക്കുവാനുള്ള വ്യവസ്ഥകൾ ചട്ടത്തിൽ ഉൾപ്പെടുത്തണമെന്നും ചട്ടം ദുരുപയോഗപ്പെടുത്തുവാനുള്ള എല്ലാ പഴുതുകളും അടയ്ക്കുവാൻ ഉതകത്തക്ക വിധത്തിലുള്ള വ്യവസ്ഥകൾ മാത്രമേ കൊണ്ടുവരുവാൻ പാടുള്ളുവെന്നും സമിതി നിർദ്ദേശിക്കുന്നു. കൂടാതെ ഇപ്പോൾ പ്രാക്ടീസ് ചെയ്യാത്ത വക്കീൽ ഗുമസ്തൻമാർ, ജോലിയിൽ തുടരാത്ത വക്കീൽ ഗുമസ്തൻമാർ എന്നിവർ അഡ്വക്കേറ്റ് ക്ലാർക്ക്സ് അസോസിയേഷനിലും ക്ഷേമ നിധിയിലും അംഗങ്ങളായി തുടരുന്ന പ്രവണത അവസാനിപ്പിക്കണമെന്നും അങ്ങനെയുള്ളവരുടെ അംഗത്വം റദ്ദാക്കണമെന്നും ക്ഷേമനിധി ഫണ്ടിന്റെ ദുരുപയോഗം തടയുന്നതിന് ഇത് അത്യന്താപേക്ഷിതമാണെന്നും സമിതി അഭിപ്രായപ്പെടുന്നു.

10. 2007 ജനുവരി ഒന്നുമുതൽ നടപ്പാക്കിയ മെഡി ക്ലെയിം ഇൻഷ്വറൻസ് പദ്ധതി പ്രകാരം ഒരു അഡ്വക്കേറ്റ് ക്ലാർക്ക് അപകടം സംഭവിച്ചു മരിച്ചാൽ ആശ്രിതർക്ക് ഒരു ലക്ഷം രൂപ വരെ ധനസഹായം ലഭിക്കും. പ്രസ്തുത ധനസഹായം അപകട മരണത്തിനു മാത്ര മായി നിജപ്പെടുത്താതെ സ്വാഭാവിക മരണത്തിനും ആകസ്മിക മരണത്തിനും കൂടി ഈ ഇൻഷ്വറൻസ് ആനുകൂല്യം ബാധകമാക്കുന്നത് ഉചിതമായിരിക്കുമെന്ന് സമിതി അഭി പ്രായപ്പെടുന്നു. അഡ്വക്കേറ്റ് ക്ലാർക്കുമാരുടെ മാതാപിതാക്കളെക്കൂടി ഇൻഷ്വറൻസ് ആനു കൂല്യത്തിന്റെ പരിധിയിൽ കൊണ്ടുവരണമെന്നും അവിവാഹിതരായ അഡ്വക്കേറ്റ് ക്ലാർക്കു മാർക്ക് ചികിത്സാ സഹായത്തിന്റെ കാര്യത്തിൽ മാതാപിതാക്കളിൽ ആരെയെങ്കിലും ഒരാളെ ആനുകൂല്യം ലഭിക്കുന്നതിനായി നിർദ്ദേശിക്കാം എന്ന വ്യവസ്ഥ മാറ്റി മാതാപിതാക്കൾക്ക് ഒരുപോലെ ചികിത്സാ ധനസഹായം അനുവദിക്കണമെന്നും ഇൻഷ്വറൻസ് തുക ഒരു ലക്ഷത്തിൽ നിന്നു 2 ലക്ഷമാക്കി ഉയർത്തണമെന്നും സമിതി നിർദ്ദേശിക്കുന്നു.

11. ക്ഷേമനിധിയിൽ അംഗങ്ങളായ അഡ്വക്കേറ്റ് ക്ലാർക്കുമാരിൽ നല്ലൊരു ശതമാനവും സ്വന്തമായി വീടില്ലാത്തവരും സാമ്പത്തികപരാധീനത അനുഭവിക്കുന്നവരു മാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ അവർക്കു സ്വന്തമായി വീട് നിർമ്മി ക്കുന്നതിനും ഇപ്പോൾ താമസിക്കുന്ന വീടുകൾ അറ്റകുറ്റപ്പണി നടത്തുന്നതിനും ആവശ്യ മായ ഭവന വായ്പ ലഭിക്കുന്നതിനുള്ള വ്യവസ്ഥകളും ചട്ടത്തിൽ ഉൾപ്പെടുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

12. അംഗങ്ങളുടെ കുട്ടികളിൽ പലരും വിദ്യാഭ്യാസ രംഗത്ത് മികവ് പുലർത്തു ന്നവരാണെങ്കിലും സാമ്പത്തിക പരാധീനതകൾമൂലം കുട്ടികളെ ഉപരി പഠനത്തിന് അയയ്ക്കാൻ കഴിയാത്ത സ്ഥിതിവിശേഷം നിലനിൽക്കുന്നതായി സമിതിയുടെ തെളിവെടുപ്പു യോഗങ്ങളിൽ നിന്നു മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഈ ദുരവസ്ഥയ്ക്ക് പരിഹാരമായി ലളിതമായ പലിശ നിരക്കിൽ വിദ്യാഭ്യാസ വായ്പ അനുവദിക്കണമെന്നും എസ്.എസ്.എൽ.സി. പരീക്ഷ മുതൽ എല്ലാ പരീക്ഷകൾക്കും ഏറ്റവും ഉയർന്ന മാർക്ക് വാങ്ങുന്ന രണ്ട് കുട്ടികൾക്ക് ഓരോ ജില്ലയിലും ക്യാഷ് അവാർഡ് നൽകുന്നതിനുള്ള നടപടി ക്ഷേമനിധി പദ്ധതിയിലൂടെ നടപ്പിലാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

13. കലാകായികരംഗങ്ങളിൽ പ്രവർത്തിക്കുന്നവരും മികവ് തെളിയിക്കുന്നവരു മായ അംഗങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി കലാ കായിക സാഹിത്യ മത്സരങ്ങളും പരിപാടികളും സംഘടിപ്പിക്കുന്നതിനും പ്രഗത്ഭരായവർക്ക് പാരിതോഷികങ്ങൾ നൽകു ന്നതിനും വെൽഫെയർ ഫണ്ട് കമ്മിറ്റി മുൻകൈ എടുക്കേണ്ടതാണ്.

14. ചട്ടം 15-ൽ 5000 രൂപയിൽ കവിയാതെയുള്ള ആകസ്മിക ചെലവ് അനുവദിക്കുന്നതിന് ചെയർമാന് അധികാരമുണ്ടായിരിക്കുന്നതും ആയത് കമ്മിറ്റി മുമ്പാകെ അതിന്റെ അടുത്ത യോഗത്തിൽ സമർപ്പിക്കേണ്ടതുമാണെന്ന് വ്യവസ്ഥ ചെയ്തി ട്ടുണ്ട്. നിയമ വകുപ്പ് സെക്രട്ടറിയാണ് ബോർഡിന്റെ എക്സ് ഒഫീഷ്യോ ചെയർമാൻ. വകുപ്പു സെക്രട്ടറി എന്ന നിലയിൽ ഔദ്യോഗികമായ ശ്രദ്ധ പതിയേണ്ടതും ഉത്തരവാദി ത്വമേറിയതുമായ ചുമതലകൾ നിർവ്വഹിക്കുന്നതിനിടയിൽ ക്ഷേമനിധി ബോർഡിന്റെ ദൈനംദിന ഭരണനിർവ്വഹണത്തിന്റെ ചുമതലകൂടി വഹിക്കുക എന്നത് തീരെ അപ്രായോഗികവും ക്ഷേമനിധി ബോർഡിന്റെ സുഗമമായ പ്രവർത്തനത്തെ പ്രതികൂല

മായി ബാധിക്കുന്നതുമാണെന്ന് സമിതി ചൂണ്ടിക്കാണിക്കുവാൻ ആഗ്രഹിക്കുന്നു. തന്മൂലം ബോർഡിന്റെ ദൈനംദിനകാര്യങ്ങൾക്കുള്ള ചെലവ് പോലും ചെയർമാന്റെ അംഗീകാരം കൂടാതെ നടത്തുവാൻ കഴിയാത്ത അവസ്ഥയാണ് ഇന്ന് നിലനിൽക്കുന്നത്. ഇത് ബോർഡിന്റെ ദിവസേനയുള്ള പ്രവർത്തനങ്ങളെ മന്ദീഭവിപ്പിക്കുന്നുവെന്ന് സമിതി വില യിരുത്തുന്നു. ചെയർമാന് ഔദ്യോഗികമായ ചുമതലകൾ വേറെയും ധാരാളം നിർവ്വഹി ക്കാനുണ്ടെന്നിരിക്കെ ബോർഡിന്റെ ചീഫ് എക്സിക്യൂട്ടീവ് എന്ന നിലയിൽ 5000 രൂപ യിൽ കവിയാതെയുള്ള ആകസ്മിക ചെലവ് സെക്രട്ടറിക്ക് നിർവ്വഹിക്കാമെന്നും ആയത് അടുത്ത കമ്മിറ്റിയിൽ സമർപ്പിച്ച് സാധൂകരിക്കേണ്ടതാണെന്നുമുള്ള വ്യവസ്ഥകൾ ഉൾപ്പെ ടുത്തി ചട്ടത്തിൽ ഭേദഗതി വരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

15. ക്ഷേമനിധി കമ്മിറ്റിയുടെ ഓഫീസ് ഇപ്പോൾ തിരുവനന്തപുരത്താണ് പ്രവർത്തി ക്കുന്നത്. കാസർഗോഡുമുതലുള്ള ജില്ലകളിലുള്ള അംഗങ്ങൾക്കും അപേക്ഷകർക്കും ക്ഷേമനിധി സ്റ്റാമ്പ് വാങ്ങുന്നതുൾപ്പെടെയുള്ള കാര്യങ്ങൾക്ക് തിരുവനന്തപുരത്ത് എത്തി ച്ചേരേണ്ട സാഹചര്യമാണ് ഇപ്പോഴുള്ളത്. ഈ ബുദ്ധിമുട്ട് ഒഴിവാക്കുന്നതിനായി ക്ഷേമനി ധി കമ്മിറ്റിയുടെ മേഖലാ ഓഫീസുകൾ കോഴിക്കോടും എറണാകുളത്തും സ്ഥാപിക്കു ന്നത് സൗകര്യപ്രദമായിരിക്കുമെന്ന ഒരു നിർദ്ദേശം സമിതി മുമ്പാകെ തെളിവെടുപ്പു വേളയിൽ ഉന്നയിക്കപ്പെടുകയുണ്ടായി. ഈ നിർദ്ദേശത്തിന്റെ പ്രായോഗിക വശങ്ങൾ പരിശോധിച്ചും ഇതുമൂലമുണ്ടാകുന്ന അധിക സാമ്പത്തിക ബാദ്ധ്യത കണക്കിലെടുത്തും യുക്തമായ തീരുമാനം സർക്കാർ തലത്തിൽ സ്വീകരിയ്ക്കണമെന്ന് സമിതി നിർദ്ദേശിക്കു ന്നു.

16. ഹൈക്കോടതിയിലും കീഴ്ക്കോടതികളിലുമായി 12 ലക്ഷം കേസുകൾ ഒരു വർഷം ഫയൽ ചെയ്യുന്നുണ്ട്. ട്രൈബ്യൂണലുകൾ, താലൂക്ക് ഓഫിസുകൾ, മറ്റ് അതോറിറ്റികൾ എന്നിവിടങ്ങളിലായി 5 ലക്ഷത്തോളം കേസുകൾ ഫയൽ ചെയ്യുന്നുണ്ട്. ആകെ 34 ലക്ഷം വക്കാലത്തുകളിലായി സ്റ്റാമ്പിനത്തിൽ 68 ലക്ഷം രൂപയും ലീഗൽ ബെനിഫിറ്റ് ഫണ്ടിൽ നിന്നും 20% തുകയും 6000 അംഗങ്ങളിൽ നിന്നും 200 രൂപ വീതം ലഭിക്കുന്ന വാർഷിക വരിസംഖ്യയും ഉൾപ്പെടുന്നതാണ് കമ്മിറ്റിയുടെ ആകെ വരവ്. മേഖലാ ഓഫീസുകൾ അനുവദിക്കുന്നതുകൊണ്ടുണ്ടാകുന്ന അധികച്ചെലവ് ഇതിൽ നിന്നും നിറവേറ്റുന്നപക്ഷം സർക്കാരിന് ഇതുമൂലമുണ്ടാകുന്ന അധിക ബാദ്ധ്യത ഒഴിവാ ക്കാൻ സാധിക്കുമെന്ന് സമിതി അഭിപ്രായപ്പെടുന്നു.

17. ലീഗൽ ബെനിഫിറ്റ് ഫണ്ട് സ്റ്റാമ്പിന് ഡ്യൂപ്ലിക്കേഷൻ വരുന്നതായി സമിതി യ്ക്ക് പരാതി ലഭിച്ചിട്ടുണ്ട്. ലീഗൽ ബെനിഫിറ്റ് ഫണ്ടിന്റെ സീൽ അടിച്ച കോർട്ട് ഫീ സ്റ്റാമ്പ് ട്രഷറി മുഖാന്തിരം വിതരണം ചെയ്യുന്നുവെന്നാണ് സമിതി മനസ്സിലാക്കുന്നത്. എന്നിരുന്നാൽത്തന്നെയും ലീഗൽ ബെനിഫിറ്റ് ഫണ്ടിന്റെ സീൽ കൃത്രിമമായി ഉണ്ടാക്കി കോർട്ട് ഫീ സ്റ്റാമ്പിന്റെ മുകളിൽ അടിയ്ക്കുന്ന പ്രവണത നിലനിൽക്കുന്നതും രണ്ടും തമ്മിൽ തിരിച്ചറിയാൻ ബുദ്ധിമുട്ടുള്ളതും കണക്കിലെടുത്ത് ഫണ്ടിൽ ചോർച്ച വരുന്നത് തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

18. അഡ്വക്കേറ്റ് ക്ലാർക്ക്സ് വെൽഫെയർ ഫണ്ട് സ്റ്റാമ്പിന്റെ ലഭ്യതക്കുറവ് പലപ്പോഴും ബുദ്ധിമുട്ട് സൃഷ്ടിക്കുന്നതായി സമിതി മനസ്സിലാക്കുന്നു. എല്ലാ വക്കാല ത്തുകളിലും സ്റ്റാമ്പ് പതിച്ചിരിക്കണമെന്ന നിബന്ധനയുള്ളപ്പോൾ ഇത് തടസ്സം കൂടാതെ

ലഭ്യമാക്കുന്നതിനുള്ള നടപടികൾ ഉണ്ടാകണമെന്ന് സമിതി അഭിപ്രായപ്പെടുന്നു. എല്ലാ ജില്ലകളിലേയും ബാർ അസോസിയേഷനുകൾ മുഖാന്തിരം ക്ഷേമനിധി സ്റ്റാമ്പ് വിതരണം ചെയ്യുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

19. അഭിഭാഷക ക്ഷേമനിധി സ്റ്റാമ്പുകൾക്ക് അസോസിയേഷന് കമ്മീഷൻ നൽകി വരുന്നതായി സമിതി മനസ്സിലാക്കുന്നു. ഈ മാതൃകയിൽ അഡ്വക്കേറ്റ് ക്ലാർക്ക്സ് വെൽ ഫെയർ ഫണ്ട് സ്റ്റാമ്പിനും കമ്മീഷൻ അനുവദിക്കുന്നത് ഉചിതമായിരിക്കുമെന്ന് സമിതി കരുതുന്നു. ക്ഷേമനിധി ഓഫീസിൽ നിന്ന് നേരിട്ടോ, തപാലിലോ സ്റ്റാമ്പുകൾ എത്തിക്കുന്നതിന്റെ ചെലവുകൾ കണക്കിലെടുത്ത് സ്റ്റാമ്പിന്റെ കാര്യത്തിൽ അസോസിയേഷനുകൾക്ക് ഒരു നിശ്ചിത ശതമാനം കമ്മീഷൻ നൽകണമെന്ന നിർദ്ദേശം അനുഭാവപൂർവ്വം പരിഗണിക്കണമെന്ന് സമിതി അഭിപ്രായപ്പെടുന്നു.

20. അഡ്വക്കേറ്റ് ക്ലാർക്കായി ക്ഷേമനിധിയിൽ രജിസ്ട്രേഷൻ ലഭിച്ചവർ 7500 ലധികവും ജോലിയിൽ ഒരു വർഷം തികയാത്തവർ 10,000 ത്തോളവും ക്ഷേമനിധിയിൽ ഇനി ചേരാനായി 3000 ത്തോളവും പേർ ഉണ്ട്. ഇവർക്കെല്ലാം ക്ഷേമനിധിയുടെ പ്രയോജനം ലഭിക്കത്തക്കവിധത്തിൽ മേൽ സൂചിപ്പിച്ച ശുപാർശകൾ സമയബന്ധിതമായി നടപ്പാക്കണമെന്നും അഡ്വക്കേറ്റുമാരുടെ ഓഫീസുകളിൽ ജോലി നോക്കുന്ന ടൈപ്പിസ്റ്റുമാർ, കമ്പ്യൂട്ടർ ഓപ്പറേറ്റേഴ്സ് എന്നിവരെക്കൂടി ഈ ക്ഷേമനിധിയുടെ പരിധിയിൽ കൊണ്ടുവരണമെന്ന നിർദ്ദേശവും പരിഗണിക്കേണ്ടതാണ്.

ജോസ് തെറ്റയിൽ,

തിരുവനന്തപുരം,
17-3-2008.

ചെയർമാൻ,
സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി.

അനുബന്ധം I

©
Government of Kerala
കേരള സർക്കാർ
2004

Reg. No. രജി. നമ്പർ
KL/TV(N)/12/2003-2005

# KERALA GAZETTE
# കേരള ഗസറ്റ്

**EXTRAORDINARY**

അസാധാരണം

**PUBLISHED BY AUTHORITY**

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

| | | | |
|---|---|---|---|
| **Vol. XLIX** വാല്യം 49 | **Thriuvananthapuram Thursday** തിരുവനന്തപുരം, വ്യാഴം | **17th June 2004** 2004 ജൂൺ 17 **27th Jyaishta 1926** 1926 ജ്യേഷ്ഠം 27 | **No.** നമ്പർ **1274** |

## കേരള സർക്കാർ

നിയമ (എച്ച്) വകുപ്പ്

### വിജ്ഞാപനം

ജി. ഒ. (എംഎസ്.) നമ്പർ 83/2004/നിയമം. തിരുവനന്തപുരം, 2004 ജൂൺ 17.

**എസ്. ആർ. ഒ. നമ്പർ 621/2004:**—2003-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി ആക്റ്റ് (2003-ലെ 27) 25-ാം വകുപ്പുപ്രകാരം നൽകപ്പെട്ടിട്ടുള്ള അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട് കേരള സർക്കാർ ഇതിനാൽ താഴെ പറയും പ്രകാരം ചട്ടങ്ങൾ ഉണ്ടാക്കുന്നു, അതായത് :—

### ചട്ടങ്ങൾ

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ചട്ടങ്ങൾക്ക് 2004-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി ചട്ടങ്ങൾ എന്ന് പേര് പറയാം.

(2) ഇവ ഗസറ്റ് വിജ്ഞാപനപ്രകാരം, സർക്കാർ നിശ്ചയിക്കുന്ന തീയതിയിൽ പ്രാബല്യത്തിൽ വരുന്നതാണ്.

2. നിർവ്വചനങ്ങൾ.—ഈ ചട്ടങ്ങളിലെ സന്ദർഭം മറ്റ് വിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(എ) 'ആക്റ്റ്' എന്നാൽ 2003-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി ആക്റ്റ് (2003-ലെ 27) എന്നർത്ഥമാകുന്നു ;

(ബി) 'അസോസിയേഷൻ' എന്നാൽ, ആക്റ്റിലെ 15-ാം വകുപ്പുപ്രകാരം അംഗീകരിക്കുകയും രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുള്ള അഡ്വക്കേറ്റ് ക്ലാർക്കുമാരുടെ അസോസിയേഷൻ എന്നർത്ഥമാകുന്നു ;

(സി) 'ഫാം' എന്നാൽ, ഈ ചട്ടങ്ങളുടെ അനുബന്ധമായി ചേർത്തിട്ടുള്ള ഒരു ഫാറം എന്നർത്ഥമാകുന്നു ;

(എ) 'രജിസ്റ്റർ' എന്നാൽ അംഗങ്ങളുടെ പേരുകൾ രേഖപ്പെടുത്തിയിട്ടുള്ള രജിസ്റ്റർ എന്നർത്ഥമാകുന്നു ;

(2) ഈ ചട്ടങ്ങളിൽ ഉപയോഗിച്ചിട്ടുള്ളതും എന്നാൽ നിർവ്വചിച്ചിട്ടില്ലാത്തതുമായ വാക്കുകൾക്കും പദപ്രയോഗങ്ങൾക്കും ആക്റ്റിൽ, യഥാക്രമം അവയ്ക്ക് നൽകിയിട്ടുള്ള അർത്ഥങ്ങൾ ഉണ്ടായിരിക്കുന്നതാണ്.

3. അഡ്വക്കേറ്റ് ക്ലാർക്കിനെ അംഗീകരിക്കൽ.—ഒരു അഭിഭാഷകനാൽ ഉദ്യോഗത്തിൽ നിയമിക്കപ്പെട്ടതും 1879-ലെ ഇൻഡ്യൻ ലീഗൽ പ്രാക്റ്റീഷണേഴ്സ് ആക്റ്റ്, 6-ാം വകുപ്പുപ്രകാരം ഉണ്ടാക്കിയിട്ടുള്ള 1958-ലെ പ്ലീഡേഴ്സ് ക്ലാർക്ക് ചട്ടങ്ങളിലെ 6-ാം ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം ഒരു അഡ്വക്കേറ്റ് ക്ലാർക്കായി രജിസ്റ്റർ ചെയ്തിട്ടുള്ളതുമായ ഓരോ അഡ്വക്കേറ്റ് ക്ലാർക്കും ഫാറം നമ്പർ 1-ൽ, അഡ്വക്കേറ്റ് ക്ളാർക്കായി കമ്മിറ്റിയുടെ അംഗീകാരത്തിനുവേണ്ടി അപേക്ഷ നല്കേണ്ടതാണ്.

എന്നാൽ, ഈ ആക്റ്റ് പ്രാബല്യത്തിൽ വരുമ്പോൾ, 1958-ലെ പ്ലീഡേഴ്സ് ക്ലാർക്ക് ചട്ടങ്ങളിലെ 6-ാം ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം, അഡ്വക്കേറ്റ് ക്ലാക്കുമാരായി രജിസ്റ്റർ ചെയ്യപ്പെടാൻ അർഹതയില്ലാത്ത, നിലവിലുള്ള അഡ്വക്കേറ്റ് ക്ലാർക്കുമാർ, 15-ാം വകുപ്പുപ്രകാരം അംഗീകാരം ലഭിച്ചിട്ടുള്ള ഏതെങ്കിലും അസോസിയേഷനിൽ അംഗങ്ങളാണെങ്കിലും ഈ ആക്റ്റ് പ്രാബല്യത്തിൽ വന്നതിനുശേഷം ഒരു മാസത്തിനുള്ളിൽ അഡ്വക്കേറ്റ് ക്ലാർക്കുമാരായി അംഗീകാരം ലഭിക്കുന്നതിനുവേണ്ടി കമ്മിറ്റിയിലേക്ക് അപേക്ഷ നൽകിയിട്ടുണ്ടെങ്കിലും, അഡ്വക്കേറ്റ് ക്ലാർക്കുമാരായി അംഗീകരിക്കപ്പെട്ടതായി കരുതപ്പെടേണ്ടതാണ്.

4. കമ്മിറ്റിയുടെ യോഗങ്ങൾ.—(1) കമ്മിറ്റി, അതിന്റെ കാര്യനിർവ്വഹണം നടത്തുന്നതിനുവേണ്ടി മൂന്നു മാസത്തിലൊരിക്കലോ ആവശ്യമാണെന്ന് കാണുന്നപക്ഷം, കൂടുതൽ തവണയോ യോഗം ചേരേണ്ടതാണ്.

(2) കമ്മിറ്റിയുടെ യോഗം സംബന്ധിച്ച് അതിനായി നിശ്ചയിച്ച തീയതിക്കു മുമ്പ് പതിനഞ്ചുദിവസത്തിൽ കുറയാതെയുള്ള നോട്ടീസ് നൽകേണ്ടതാണ്.

(3) നോട്ടീസിൽ യോഗം ചേരുന്ന തീയതി, സമയം, സ്ഥലം എന്നിവയ്ക്കൊപ്പം യോഗത്തിന്റെ കാര്യപരിപാടിയും ഉണ്ടായിരിക്കേണ്ടതാണ്.

(4) കമ്മിറ്റിയുടെ യോഗം കഴിഞ്ഞ് പതിനഞ്ചു ദിവസത്തിനുള്ളിൽ, മറ്റുള്ളവയ്ക്കൊപ്പം, കമ്മിറ്റിയുടെ യോഗത്തിൽ ഹാജരായ അംഗങ്ങളുടെ പേരുവിവരംകൂടി കാണിച്ചുകൊണ്ടുള്ള മിനിറ്റ്സ് അംഗങ്ങൾക്ക് സർക്കുലേറ്റ് ചെയ്യേണ്ടതാണ്.

(5) യോഗത്തിന്റെ മിനിറ്റ്സിൽ ചെയർമാൻ ഒപ്പുവയ്ക്കേണ്ടതാണ്.

5. ആഫീസർമാരുടെയും ആഫീസ് ജീവനക്കാരുടെയും നിയമനം—(1) സർക്കാരുമായി കൂടിയാലോചിച്ച്, ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലോ കരാർ അടിസ്ഥാനത്തിലോ ആവശ്യമുള്ളത്ര ആഫീസർമാരെയും മറ്റ് ജീവനക്കാരേയും കമ്മിറ്റിക്ക് നിയമിക്കാവുന്നതാണ്.

(2) കരാർ അടിസ്ഥാനത്തിൽ നിയമിക്കപ്പെടുന്ന ആഫീസ് ജീവനക്കാരുടെ സേവന വ്യവസ്ഥകളും ഉപാധികളും ശമ്പളവും ബത്തകളും സർക്കാരുമായി കൂടിയാലോചിച്ച് നിശ്ചയിക്കേണ്ടതാണ്.

6. കമ്മിറ്റിയുടെ കർത്തവ്യങ്ങൾ.—(1) ഈ ആക്റ്റിലെയും അതിൻ കീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലേയും വ്യവസ്ഥകൾക്ക് വിധേയമായി, കമ്മിറ്റി ഫണ്ടിന്റെ ഭരണ നിർവ്വഹണം നടത്തേണ്ടതാണ് ;

(2) ഫണ്ടിൽ നിന്നും തുക ലഭിക്കുന്നതിനുവേണ്ടി ഫണ്ടിലെ ഒരംഗത്തിൽ നിന്നോ അതതു സംഗതിപോലെ, അയാളുടെ നോമിനിയിൽ നിന്നോ നിയമാനുസൃത അവകാശികളിൽ നിന്നോ, അതതുസംഗതിപോലെ, II-ാം നമ്പർ ഫാറത്തിലോ IX-ാം നമ്പർ ഫാറത്തിലോ ഉള്ള അപേക്ഷ കമ്മിറ്റിക്ക് സ്വീകരിക്കാവുന്നതാണ്.

(3) കമ്മിറ്റി, (1)-ാം ഉപ ചട്ടപ്രകാരം ലഭിച്ച ഓരോ അപേക്ഷയിൻമേലും ഉള്ള അതിന്റെ തീരുമാനം ഈ ആവശ്യത്തിലേയ്ക്കായി സൂക്ഷിച്ചിട്ടുള്ള രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്.

(4) നൽകേണ്ടതായ ഏതൊരു തുകയും വിതരണം ചെയ്യുന്നത് ബന്ധപ്പെട്ട ബാങ്ക് മുഖാന്തിരമായിരിക്കേണ്ടതാണ്.

(5) ഫണ്ടിലേക്കുള്ള പ്രവേശനത്തിനോ പുനഃപ്രവേശനത്തിനോ അഥവാ ഫണ്ടിൽ നിന്നും ആനുകൂല്യം അവകാശപ്പെട്ടുകൊണ്ടോ ഉള്ള അപേക്ഷ സംബന്ധിച്ച് അവ നിരസിക്കുന്നത് ഉൾപ്പെടെയുള്ള കമ്മിറ്റിയുടെ തീരുമാനം, കമ്മിറ്റി രജിസ്റ്റർ തപാലിൽ അപേക്ഷകരെ അറിയിക്കേണ്ടതാണ്.

(6) ഫണ്ടിലേക്കുള്ള വരവുകളും അതിൽ നിന്നുള്ള ചെലവുകളും സരക്കാർ ആവശ്യപ്പെടുന്ന പ്രകാരമുള്ള മറ്റു വിവരങ്ങളും കാണിക്കുന്ന ത്രൈമാസിക-വാർഷിക റിപ്പോർട്ടുകൾ കമ്മിറ്റി സർക്കാരിന് അയച്ചുകൊടുക്കേണ്ടതാണ്.

(7) ഫണ്ടിൽ നിന്നും ആനുകൂല്യത്തിനുവേണ്ടിയുള്ള ഏതെങ്കിലും അവകാശവാദം നിരസിക്കുന്നതുൾപ്പെടെയുള്ള, കമ്മിറ്റിയുടെ എല്ലാ തീരുമാനങ്ങളും രജിസ്റ്റർ തപാലിൽ അപേക്ഷകനെ അറിയിക്കേണ്ടതാണ്.

7. കമ്മിറ്റിയിലെ അംഗങ്ങൾക്കുള്ള യാത്രാപ്പടിയും ദിനബത്തയും.—(1) കമ്മിറ്റിയിലെ, സർക്കാരിനെ പ്രതിനിധീകരിക്കുന്ന, നാമനിർദ്ദേശം ചെയ്യപ്പെട്ട ഒരു അംഗത്തിന്റെ യാത്രാപ്പടി, ഔദ്യോഗിക കർത്തവ്യനിർവ്വഹണത്തിനുവേണ്ടിയുള്ള യാത്രകൾക്ക് അദ്ദേഹത്തിന് ബാധകമായ ചട്ടങ്ങളനുസരിച്ചായിരിക്കേണ്ടതും അത് കമ്മിറ്റി നൽകേണ്ടതുമാണ്.

(2) കമ്മിറ്റിയുടെ യോഗങ്ങളിൽ പങ്കെടുക്കുന്നതിനുവേണ്ടി ഓരോ അനൗദ്യോഗിക അംഗത്തിനും കേരള സർക്കാരിന്റെ ഗ്രേഡ്-1 ഉദ്യോഗസ്ഥർക്ക് അനുവദനീയമായ നിരക്കിൽ യാത്രാപ്പടി കമ്മിറ്റിയുടെ ഫണ്ടിൽ നിന്നും നൽകേണ്ടതാണ്.

8. ഫണ്ടിനുവേണ്ടിയുള്ള സ്റ്റാമ്പ്.—(1) "കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി സ്റ്റാമ്പ് " എന്ന മുദ്രണത്തോടുകൂടി, ഫണ്ടിനുവേണ്ടിയുള്ള സ്റ്റാമ്പു കമ്മിറ്റി സർക്കാർ പ്രസ്സിൽ അച്ചടിപ്പിപ്പിക്കേണ്ടതാണ്.

(2) ഫണ്ടിനുവേണ്ടിയുള്ള സ്റ്റാമ്പ് കമ്മിറ്റിയുടെ അധീനതയിലായിരിക്കേണ്ടതും രജിസ്റ്റർ ചെയ്ത അഡ്വക്കേറ്റ് ക്ലാർക്ക്സ് അസോസിയേഷൻ മുഖേന വിൽക്കുകയോ വിതരണം നടത്തുകയോ ചെയ്യേണ്ടതുമാണ്.

(3) അസോസിയേഷൻ, കമ്മിറ്റിയിൽ നിന്നും സ്റ്റാമ്പുകൾ അതിന്റെ മൂല്യം നൽകിയതിനുശേഷം വാങ്ങേണ്ടതും വാങ്ങിയ സ്റ്റാമ്പുകളുടെ ഒരു അക്കൗണ്ട് രജിസ്റ്റർ കമ്മിറ്റി പ്രത്യേകം പറയുന്ന പ്രകാരം സൂക്ഷിക്കേണ്ടതുമാണ്.

9. അഡ്വക്കേറ്റ് ക്ലാർക്ക്സ് അസോസിയേഷൻ അംഗീകരിക്കലും രജിസ്റ്റർ ചെയ്യലും.—(1) അഡ്വക്കേറ്റ് ക്ലാർക്ക്സ് അസോസിയേഷന്റെ അംഗീകാരത്തിനും രജിസ്റ്റർ ചെയ്യലിനും വേണ്ടിയുള്ള ഓരോ അപേക്ഷയും കമ്മിറ്റിക്കു III-ാം നമ്പർ ഫാറത്തിൽ നൽകേണ്ടതാണ്.

(2) കമ്മിറ്റി, അത് യുക്തമെന്ന് കരുതുന്നപ്രകാരമുള്ള അന്വേഷണം നടത്തിയതിനുശേഷം, അഡ്വക്കേറ്റ് ക്ലാർക്ക്സ് അസോസിയേഷന് അംഗീകാരം നൽകിക്കൊണ്ടും രജിസ്റ്റർ ചെയ്തുകൊണ്ടും ഉള്ള ഒരു സർട്ടിഫിക്കറ്റ് IV-ാം നമ്പർ ഫാറത്തിൽ നല്കേണ്ടതാണ്.

10. ഫണ്ടിലെ അംഗത്വം.—(1) ഒരു അഡ്വക്കേറ്റ് ക്ലാർക്ക്സ് അസോസിയേഷനിൽ അംഗമായിട്ടുള്ളതും 3-ാം ചട്ടത്തിൻകീഴിൽ അപ്രകാരം അംഗീകാരം ലഭിച്ചിട്ടുള്ളതുമായ ഓരോ അഡ്വക്കേറ്റ് ക്ലാർക്കും, അപേക്ഷാഫീസ് നൽകിയതിനുശേഷം, അയാൾ അംഗമായിട്ടുള്ള അഡ്വക്കേറ്റ് ക്ലാർക്ക്സ് അസോസിയേഷൻ മുഖാന്തിരം, ഫണ്ടിലെ ഒരംഗമായി പ്രവേശനം ലഭിക്കുന്നതിനുവേണ്ടി V-ാം നമ്പർ ഫാറത്തിൽ തന്റെ സമീപകാലത്തെ പാസ്പോർട്ട് വലിപ്പത്തിലുള്ള ഫോട്ടോ പതിപ്പിച്ച് കമ്മിറ്റിക്ക് അപേക്ഷ നൽകേണ്ടതാണ്.

(2) ഫണ്ടിലെ അംഗത്വത്തിനുവേണ്ടി അപേക്ഷിക്കുന്ന ഒരു അപേക്ഷകൻ, അപേക്ഷ ഫീസായി ഇരുന്നൂറ്റി അൻപതുരൂപ ഫണ്ടിലേക്ക് അടയ്ക്കേണ്ടതാണ്.

(3) അപേക്ഷാഫീസും അംഗത്വഫീസും കമ്മിറ്റി സെക്രട്ടറിയുടെ പേരിൽ, അതതു സംഗതിപോലെ, എടുത്തിട്ടുള്ള ട്രഷറി ചെലാനോ ഡിമാന്റ് ഡ്രാഫ്റ്റോ മുഖാന്തിരം ആയിരിക്കേണ്ടതാണ്.

(4) വാർഷിക വരിസംഖ്യ അടയ്ക്കുന്നതിൽ വീഴ്ചവരുത്തിയതുമൂലം അംഗത്വ

ത്തിൽ നിന്നും നീക്കം ചെയ്യപ്പെട്ട ഏതൊരംഗത്തിനും അപ്രകാരം നീക്കം ചെയ്യപ്പെട്ട തീയതി മുതൽ ആറുമാസത്തിനകം കുടിശ്ശിക, പന്ത്രണ്ടു ശതമാനം വാർഷിക പലിശ സഹിതം, അടയ്ക്കുന്നപക്ഷം ഫണ്ടിൽ പുനഃപ്രവേശനത്തിന് അർഹത ഉണ്ടായിരിക്കുന്നതാണ്.

(5) അപ്രകാരം പുനഃപ്രവേശനം ലഭിച്ച ഒരു അംഗത്തിന്റെ സംഗതിയിൽ, ഫണ്ടിലെ അംഗത്വ കാലാവധി, ഫണ്ടിൽ അംഗമായി പ്രവേശനം ലഭിച്ച തീയതി മുതൽ കണക്കാക്കേണ്ടതാണ്.

(6) (എ) ഫണ്ടിലെ ഓരോ അംഗവും അയാളുടെ നോമിനി അഥവാ നോമിനികളെ പ്രത്യേകം പറഞ്ഞുകൊണ്ട് VI-ാം നമ്പർ ഫാറത്തിൽ ഒരു പ്രഖ്യാപനം നൽകേണ്ടതാണ്. അംഗത്തിന് കുടുംബമുണ്ടെങ്കിൽ, നോമിനിയോ നോമിനികളോ ഭർത്താവും/ഭാര്യയും കുട്ടികളും ആയിരിക്കേണ്ടതാണ്. അയാൾക്ക് അങ്ങനെ ഒരു കുടുംബമില്ലെങ്കിൽ നോമിനി അച്ഛൻ/അമ്മ ആയിരിക്കേണ്ടതാണ്. എന്നാൽ, അംഗത്തിന് എപ്പോഴെങ്കിലും കുടുംബമുണ്ടായാൽ, ആ നോമിനേഷൻ മുകളിൽ പറഞ്ഞരീതിയിൽ മാറ്റേണ്ടതാണ്. അയാൾ അംഗമായിരിക്കുന്ന അഡ്വക്കേറ്റ് ക്ലാർക്ക്സ് അസോസിയേഷൻ മുഖേന ഒരു അപേക്ഷ നൽകികൊണ്ട് അയാൾക്ക് നോമിനിയെയോ നോമിനികളെയോ മാറ്റാവുന്നതാണ്. ഏറ്റവും ഒടുവിൽ നോമിനേറ്റ് ചെയ്യപ്പെട്ട ആളിനുമാത്രം ഫണ്ട് ലഭിക്കുന്നതും, അങ്ങനെയുള്ള നോമിനി അഥവാ നോമിനികൾ അപ്രകാരം തുക കൈപ്പറ്റുന്നത്, ഫണ്ട് സംബന്ധമായ എല്ലാ ബാദ്ധ്യതകളും പൂർണ്ണമായും തീർക്കുന്നതുമാണ്.

(ബി) ഫണ്ടിലെ ഒരംഗം ഒന്നിലധികം പേരെ നോമിനേറ്റ് ചെയ്യുന്ന പക്ഷം അവർക്കിടയിൽ വിതരണം ചെയ്തു നൽകേണ്ട തുകയുടെ അനുപാതം പ്രഖ്യാപനത്തിൽ വ്യക്തമാക്കേണ്ടതാണ്.

(സി) നോമിനേഷൻ നല്കാതെ ഫണ്ടിലെ ഒരംഗം മരണപ്പെടുന്ന സംഗതിയിൽ, നിയമാനുസൃത അവകാശിക്ക് ഫണ്ട് നല്കേണ്ടതാണ്;

(ഡി) ഫണ്ടിലെ യാതൊരംഗത്തിനും, ഫണ്ടിൽ അയാളുടെ പേരിലുള്ള തുക അത് ഈ ആക്റ്റിലെ വ്യവസ്ഥകളിൻ കീഴിൽ ലഭിക്കാവുന്നതിന് മുൻപായി, കൈമാറ്റം ചെയ്യുന്നതിനോ എഴുതിക്കൊടുക്കുന്നതിനോ അർഹത ഉണ്ടായിരിക്കുന്നതല്ല.

(7) അംഗത്വത്തിനുള്ള ഒരു അപേക്ഷ ലഭിച്ചു കഴിഞ്ഞാൽ, കമ്മിറ്റി അതിന് യുക്തമെന്ന് തോന്നുന്ന പ്രകാരമുള്ള അന്വേഷണം നടത്തിയതിനുശേഷം, അയാളെ ഫണ്ടിലെ ഒരംഗമായി പട്ടികയിൽ ചേർത്തുകൊണ്ട് VII-ാം നമ്പർ ഫാറത്തിൽ ഒരു സർട്ടിഫിക്കറ്റ് നൽകേണ്ടതാണ്.

(8) കമ്മിറ്റി, XI-ാം നമ്പർ ഫാറത്തിൽ ഒരു അംഗത്വ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

(9) ഫണ്ടിലേയ്ക്ക് പ്രവേശനം ലഭിക്കുന്നതിനായുള്ള അപേക്ഷ നിരസിച്ചു കൊണ്ടുള്ള കമ്മിറ്റിയുടെ ഏതൊരു തീരുമാനവും രജിസ്റ്റർ തപാലിൽ അപേക്ഷകനെ അറിയിക്കേണ്ടതാണ്.

(10) 17-ാം വകുപ്പ് (6)-ാം ഉപവകുപ്പ് പ്രകാരം ഫണ്ടിലെ അംഗത്വത്തിൽ നിന്നും ഒരാളെ നീക്കം ചെയ്തുകൊണ്ടുള്ള ഏതൊരു ഉത്തരവും അയാൾക്ക് പറയുവാനുള്ളത് പറയുവാൻ ഒരവസരം നൽകിയതിനുശേഷം മാത്രം പുറപ്പെടുവിക്കേണ്ടതാണ്. 17-ാം വകുപ്പ് (7)-ാം ഉപവകുപ്പ് പ്രകാരം ഫണ്ടിലേക്ക് പുനഃപ്രവേശനത്തിനുള്ള അപേക്ഷ VIII-ാം നമ്പർ ഫാറത്തിൽ ആയിരിക്കേണ്ടതാണ്.

11. തൊഴിൽ അവസാനിപ്പിക്കുമ്പോൾ ഫണ്ടിൽ നിന്നും പണം കൊടുക്കൽ.—(1) ഫണ്ടിലെ ഒരംഗത്തിന്, തൊഴിൽ അവസാനിപ്പിക്കുമ്പോൾ, ഒരു അഡ്വക്കേറ്റ് ക്ലാർക്ക് ആയി അയാൾ തൊഴിൽ ചെയ്ത വർഷങ്ങളുടെ എണ്ണം അടിസ്ഥാനപ്പെടുത്തി, പട്ടികയിൽ പ്രത്യേകം പറഞ്ഞിട്ടുള്ള നിരക്കുകളിൽ, ഒരു സഞ്ചിത തുകയും പെൻഷനും ഫണ്ടിൽ നിന്നും ലഭിക്കുന്നതിന് അർഹത ഉണ്ടായിരിക്കുന്നതാണ്.

(2) ഫണ്ടിൽ അംഗമായി പ്രവേശനം ലഭിച്ച തീയതി മുതൽ അഞ്ചു വർഷം പൂർത്തിയാക്കിയതിനുശേഷം അംഗത്വം പിൻവലിക്കുന്ന, ഫണ്ടിലെ ഒരംഗത്തിന്, ഏത് സമയത്തും, അംഗത്വം പിൻവലിക്കുന്ന തീയതിയിൽ അപ്രകാരമുള്ള അംഗം എന്ന നിലയിൽ അയാൾ പൂർത്തിയാക്കിയ വർഷം അടിസ്ഥാനപ്പെടുത്തി ഫണ്ടിൽ നിന്നും ഒരു സഞ്ചിത തുക ലഭിക്കുന്നതിന് അർഹതയുണ്ടായിരിക്കുന്നതാണ്.

(3) (2)-ാം ഉപചട്ടത്തിൽ പറഞ്ഞിരിക്കുന്ന പ്രകാരം അംഗത്വം പിൻവലിക്കുന്ന ഒരു അംഗത്തിന് ഫണ്ടിൽ ഒരു പുതിയ അംഗമായി പുനഃപ്രവേശനം ലഭിക്കുന്നതിന് അർഹതയുണ്ടായിരിക്കുന്നതാണ്.

(4) ഈ ആക്റ്റിന്റെ എല്ലാ ആവശ്യങ്ങൾക്കുംവേണ്ടി, 18-ാം വകുപ്പ് (3)-ാം ഉപവകുപ്പിൻ കീഴിൽ ഫണ്ടിലേക്ക് പുനഃപ്രവേശനം ലഭിച്ചതും അതിൻകീഴിൽ ഒരു സഞ്ചിത തുക കൈപ്പറ്റിയിട്ടുള്ളതുമായ ഒരു അഡ്വക്കേറ്റ് ക്ലാർക്കിനെ, അയാൾക്ക് പുനഃപ്രവേശനം ലഭിച്ച തീയതി മുതൽ ഒരു പുതിയ അംഗമായി കരുതേണ്ടതാണ്.

എന്നാൽ, ഫണ്ടിലെ ഒരംഗമായി പുനഃപ്രവേശനം ലഭിച്ചിട്ടുള്ള ഒരാളിന് അങ്ങനെ പുനഃപ്രവേശനം ലഭിക്കുന്നതിനുമുമ്പ് അയാൾക്കുണ്ടായിരുന്ന അംഗത്വത്തിൽ നിന്നും ഉണ്ടായിട്ടുള്ള എല്ലാ ആനുകൂല്യങ്ങളും നഷ്ടമാകുന്നതാണ്.

(5) പുനഃപ്രവേശനം ലഭിക്കുന്നതിന് ആഗ്രഹമുള്ള ഒരംഗം VIII-ാം നമ്പർ ഫാറത്തിൽ അപേക്ഷ നൽകേണ്ടതാണ്.

(6) അംഗത്വം നിലനിന്നിരുന്ന വർഷം സംബന്ധിച്ച ഒരു തർക്കം കമ്മിറ്റി തീരുമാനിക്കേണ്ടതാണ്.

(7) കമ്മിറ്റിയുടെ തീരുമനത്തിൻമേലുള്ള ഒരു അപ്പീൽ സർക്കാരിന് നൽകേണ്ടതാണ്.

12. ഫണ്ടിൽ നിന്നും പണം ലഭിക്കുന്നതിനുള്ള അപേക്ഷ.—(1) (എ) അഡ്വക്കേറ്റ് ക്ലാർക്ക് എന്ന നിലയിൽ തൊഴിൽ അവസാനിപ്പിക്കുമ്പോൾ ഫണ്ടിൽ നിന്നും പണം ലഭിക്കുതിനുള്ള ഓരോ അപേക്ഷയും II-ാം നമ്പർ ഫാറത്തിൽ സമർപ്പിക്കേണ്ടതാണ്.

(ബി) ഒരംഗത്തിന് മരണം സംഭവിക്കുമ്പോൾ, ഫണ്ടിൽ നിന്നും ലഭിക്കുന്നതിനുള്ള അപേക്ഷ പ്രസ്തുത അഡ്വക്കേറ്റ് ക്ലാർക്കിന്റെ ഏതെങ്കിലും ആശ്രിതൻ അഥവാ നോമിനി/നോമിനികൾ, അഡ്വക്കേറ്റ് ക്ലാർക്കിന് മരണം സംഭവിച്ച തീയതി മുതൽ ഒരു വർഷത്തിനുള്ളിൽ, മരണ സർട്ടിഫിക്കറ്റും അയാൾ അംഗമായിരുന്ന അഡ്വക്കേറ്റ് ക്ലാർക്ക്സ് അസോസിയേഷന്റെ ശുപാർശയും സഹിതം IX-ാം നമ്പർ ഫാറത്തിൽ കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതാണ്.

(2) ഫണ്ടിൽ നിന്നും ലഭിക്കുന്നതിനായി, സ്ഥിരമായി അവശതയനുഭവിക്കുന്ന ഒരു അഡ്വക്കേറ്റ് ക്ലാർക്ക് നൽകുന്ന ഓരോ അപേക്ഷയും ആ വിവരം കാണിച്ചുകൊണ്ടുള്ള മെഡിക്കൽ സർട്ടിഫിക്കറ്റും അയാൾ അംഗമായിട്ടുള്ള അഡ്വക്കേറ്റ് ക്ലാർക്ക്സ് അസോസിയേഷന്റെ ശുപാർശയും സഹിതം X-ാം നമ്പർ ഫാറത്തിൽ നൽകേണ്ടതാണ്.

(3) (2)-ാം ഉപചട്ടപ്രകാരം, ഫണ്ടിൽ നിന്നും സഹായം ലഭിക്കുന്നതിനായി അപേക്ഷകൻ ഹാജരാക്കിയിട്ടുള്ള തെളിവുകൾ വ്യാജമാണെന്ന് കമ്മിറ്റി കാണുകയാണെങ്കിൽ, അതിന്, അപേക്ഷകനോട് ഫണ്ടിൽ നിന്നും സഹായകമായി നൽകിയിട്ടുള്ള മുഴുവൻ തുകയും അത് യുക്തമെന്ന് കരുതുന്ന പ്രകാരമുള്ള പലിശ സഹിതം തിരിച്ചടയ്ക്കുന്നതിന് ആവശ്യപ്പെടാവുന്നതും അപേക്ഷകൻ അപ്രകാരമുള്ള നിർദ്ദേശം പാലിക്കേണ്ടതുമാണ്. അയാൾ തുക തിരിച്ചടയ്ക്കുന്നതിൽ വീഴ്ച വരുത്തുന്നുവെങ്കിൽ, കോടതി മുമ്പാകെ ഒരു വ്യവഹാരം ബോധിപ്പിച്ച് അത് ഈടാക്കേണ്ടതാണ്.

13. കമ്മിറ്റിയുടെ ആസ്ഥാനം.—കമ്മിറ്റിയുടെ ആസ്ഥാനം തിരുവനന്തപുരം ആയിരിക്കേണ്ടതാണ്.

14. ധനകാര്യ മാനേജ്മെന്റ്.—കമ്മിറ്റിക്കുവേണ്ടി ലഭിക്കുന്ന ഏതൊരു തുകയും സെക്രട്ടറി അല്ലെങ്കിൽ കമ്മിറ്റി ഇതിലേക്കായി അധികാരപ്പെടുത്തിയിട്ടുള്ള മറ്റേതെങ്കിലും ആൾ ഒപ്പുവച്ച ഒരു രസീത് നൽകിക്കൊണ്ട് സ്വീകരിക്കേണ്ടതാണ്. ലഭിച്ച എല്ലാ തുകയും ട്രഷറി/ബാങ്കിന്റെ അടുത്ത പ്രവൃത്തി ദിവസം അവസാനിക്കുന്നതിനുമുമ്പായി കമ്മിറ്റിയുടെ അക്കൗണ്ടിൽ വരവു വയ്ക്കേണ്ടതാണ്.

(2) പണം ലഭിക്കുന്നതിനുവേണ്ടി സമർപ്പിച്ചിട്ടുള്ള ഓരോ ബില്ലിനും സെക്രട്ടറി അനുമതി നൽകേണ്ടതും തുക ആവശ്യപ്പെട്ടത് അനുവദനീയമാണെന്നും പണം നൽകുവാൻ യഥാവിധി അധികാരപ്പെടുത്തിയിട്ടുണ്ടെന്നും സെക്രട്ടറിക്ക് ബോദ്ധ്യമാകുന്ന പക്ഷം, ഒരു രസീത് കൈപ്പറ്റിയശേഷം, അദ്ദേഹം തുക നൽകേണ്ടതാണ്. ഏത് തുക നൽകുന്നതിനും രൊക്കം പണമായോ ചെക്കായോ ആയിരിക്കേണ്ടതും ആയത് ഈ ആവശ്യത്തിനായി സൂക്ഷിച്ചിട്ടുള്ള അക്കൗണ്ട് ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്.

(3) സെക്രട്ടറി ഒരു അക്വിറ്റൻസ് രജിസ്റ്റർ വച്ചുപോരേണ്ടതാണ്. ഏത് തുകയും നൽകുന്നത് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിലായിരിക്കേണ്ടതും അദ്ദേഹം തുക നൽകുന്നത് അക്വിറ്റൻസ് രജിസ്റ്റർ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. സെക്രട്ടറി, അക്വിറ്റൻസ് റോൾ, കമ്മിറ്റിയിലെ ജീവനക്കാരുടെ ശമ്പളച്ചെക്ക്, ഏതെങ്കിലും ഉണ്ടെങ്കിൽ, അത് സഹിതം മാസത്തിന്റെ അവസാന പ്രവൃത്തി ദിവസം കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതാണ്.

(4) സ്വീകരിച്ചതും ചെലവാക്കിയതുമായ എല്ലാ തുകയും ഉടൻതന്നെ ഒരു ഡേ ബുക്കിലേയും ലെഡ്ജറിലേയും അക്കൗണ്ടിൽ ഉൾക്കൊള്ളിക്കേണ്ടതാണ്. ഓരോ മാസത്തിന്റേയും അവസാനം ക്യാഷ് ബുക്ക് പരിശോധിക്കേണ്ടതും വരവും ചെലവും തുല്യമാണെന്ന് ഉറപ്പാക്കിയശേഷം സെക്രട്ടറി അതിൽ ഒപ്പുവയ്ക്കേണ്ടതുമമാണ്.

15. ആകസ്മിക ചെലവ്.—5,000 രൂപ (അയ്യായിരം രൂപ) യിൽ കവിയാതെയുള്ള, ആകസ്മികമായി വന്നുചേർന്ന ചെലവ് അനുവദിക്കുന്നതിന് ചെയർമാന് അധികാരമുണ്ടായിരിക്കുന്നതും ആയത് കമ്മിറ്റി മുമ്പാകെ അതിന്റെ അടുത്ത യോഗത്തിൽ വയ്ക്കേണ്ടതുമാണ്. അദ്ദേഹം, കമ്മിറ്റിയിലെ അംഗങ്ങളുടെ ബില്ലുകളും യാത്രാപ്പടിയും അനുവദിക്കുന്നതിന് ക്ഷമതയുള്ള അധികാരസ്ഥാനം ആയിരിക്കുന്നതാണ്. കമ്മിറ്റിയുടെ മുൻകൂട്ടിയുള്ള അനുമതിയില്ലാതെ യാതൊരു മൂലധന ചെലവും വരുത്തുവാൻ പാടുള്ളതല്ല.

16. കമ്മിറ്റി മുമ്പാകെ അക്കൗണ്ട് വിവരം വയ്ക്കൽ.—സെക്രട്ടറി, ഓരോ വർഷവും സെപ്തംബർ 30-ന് മുമ്പായി ഓരോ വർഷത്തേയും വരവ്-ചെലവിന്റെ ആഡിറ്റ് ചെയ്ത ഒരു സ്റ്റേറ്റ്മെന്റ് കമ്മിറ്റി മുമ്പാകെ വയ്ക്കേണ്ടതും അതിന്റെ ഒരു പകർപ്പ് നിയമസഭ മുമ്പാകെ വയ്ക്കേണ്ടതുമാണ്.

17. ബജറ്റ് തയ്യാറാക്കൽ.—കമ്മിറ്റി, ഓരോ വർഷവും മാർച്ച് 31-ന് മുമ്പായി വരും വർഷത്തെ വരവ്-ചെലവിന്റെ ബജറ്റ് എസ്റ്റിമേറ്റിന് അന്തിമ രൂപം നൽകേണ്ടതാണ്

## ഫാറം നമ്പർ I

(ചട്ടം 3 കാണുക)

### ഒരു അഡ്വക്കേറ്റ് ക്ലാർക്കായി അംഗീകാരം ലഭിക്കുന്നതിനുള്ള അപേക്ഷ

| | | |
|---|---|---|
| 1. | അഡ്വക്കേറ്റ് ക്ലാർക്കിന്റെ പേരും മേൽവിലാസവും | : |
| 2. | ഏത് അഭിഭാഷകന്റെ കീഴിലാണോ ജോലി ചെയ്യുന്നത്, അദ്ദേഹത്തിന്റെ പേര് | : |
| 3. | നിയമന ഉത്തരവിന്റെ നമ്പരും തീയതിയും | : |
| 4. | അപേക്ഷാത്തീയതിയിൽ തൊഴിൽ ചെയ്ത വർഷങ്ങളുടെ എണ്ണം | : |
| 5. | അപേക്ഷകൻ അംഗമായുള്ള അസോസിയേഷന്റെ പേര് | : |
| 6. | അയാളുടെ അഭിഭാഷകൻ പ്രാക്റ്റീസ് ചെയ്യുന്ന കോടതിയുടെ പേര് | : |
| 7. | 1958-ലെ പ്ലീഡേഴ്സ് ക്ലാർക്ക് ചട്ടങ്ങളിലെ 6-ാം ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം അഡ്വക്കേറ്റ് ക്ലാർക്കായി രജിസ്റ്റർ ചെയ്തിട്ടുണ്ടോ ? | : |

മുകളിൽ പ്രസ്താവിച്ചിട്ടുള്ള വിവരങ്ങൾ സത്യവും ശരിയുമാണെന്ന് ..........................................................................................................എന്ന ഞാൻ ഇതിനാൽ സത്യപ്രസ്താവന ചെയ്തുകൊള്ളുന്നു.

സ്ഥലം :

തീയതി :

അപേക്ഷകന്റെ കയ്യൊപ്പ്

---

**ആഫീസ് ഉപയോഗത്തിന്**

സ്ഥലം :

തീയതി :

കമ്മിറ്റിയുടെ സെക്രട്ടറി

(ആഫീസ് മുദ്ര)

# ഫാറം നമ്പർ II

[6 (2)-ഉം 12-ഉം ചട്ടങ്ങൾ കാണുക]

## ഫണ്ടിൽ നിന്നും പണം ലഭിക്കുന്നതിനുള്ള അപേക്ഷ

| | | |
|---|---|---|
| 1. | പേരും മേൽവിലാസവും (വലിയ അക്ഷരത്തിൽ) | : |
| 2. | അംഗത്തിന്റെ വയസ്സും ജനനതീയതിയും | : |
| 3. | നിയമന തീയതി | : |
| 4. | 2003-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി ആക്റ്റ് പ്രകാരമുള്ള രജിസ്ട്രേഷൻ നമ്പർ | : |
| 5. | സേവനം സംബന്ധിച്ച വിശദ വിവരങ്ങൾ | : |
| 6. | അഡ്വക്കേറ്റ് ക്ലാർക്കായി സേവനം അനുഷ്ഠിച്ചിട്ടുള്ള സ്ഥലം അഥവാ സ്ഥലങ്ങൾ | : |
| 7. | ഒരു അഡ്വക്കേറ്റ് ക്ലാർക്ക് ആയതിനു ശേഷം സേവനം നടത്തിയിട്ടുള്ള പൂർണ്ണ വർഷങ്ങൾ (ആക്റ്റിന് മുമ്പും ആക്റ്റിന് ശേഷവും) | : |
| 8. | തൊഴിലിൽ നിന്നും വിരമിച്ച/തൊഴിൽ അവസാനിപ്പിച്ച തീയതി | : |

സ്ഥലം :

തീയതി :

അപേക്ഷകന്റെ കയ്യൊപ്പ്

## ഫാറം നമ്പർ III

(ചട്ടം 9 (1) കാണുക)

## അഡ്വക്കേറ്റ് ക്ലാർക്ക്സ് അസോസിയേഷൻ അംഗീകരിക്കുന്നതിനും രജിസ്റ്റർ ചെയ്യുന്നതിനും വേണ്ടിയുള്ള അപേക്ഷ

1. അസോസിയേഷന്റെ പേര് :
2. അസോസിയേഷന്റെ മേൽവിലാസം ടെലിഫോൺ നമ്പർ സഹിതം :
3. 1860-ലെ സംഘങ്ങൾ രജിസ്ട്രേഷൻ ആക്റ്റ് അഥവാ മറ്റ് സമാന ആക്റ്റ് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുണ്ടോ (വിശദ വിവരങ്ങൾ നൽകുക) :
4. കോടതി ആസ്ഥാനത്തിന്റെ പേര് :
5. അപേക്ഷ നൽകുമ്പോൾ നിലവിലുള്ള അംഗങ്ങളുടെ എണ്ണം (പേര്, മേൽവിലാസം, നിയമനത്തീയതി, വയസ്സും ജനനതീയതിയും നീക്കം ചെയ്യുകയും തിരിച്ചെടുക്കുകയും, ചെയ്തതിന്റെ, ഏതെങ്കിലും ഉണ്ടെങ്കിൽ തീയതി) (വിശദ വിവരങ്ങൾ പ്രത്യേകം നൽകേണ്ടതാണ്.) :
6. പ്രസിഡന്റിന്റെയും സെക്രട്ടറിയുടെയും പേരും മേൽവിലാസവും :
7. ചട്ടങ്ങളോ ബൈലാകളോ അടക്കം ചെയ്തിട്ടുണ്ടോ ? :
8. മറ്റു വിവരങ്ങൾ, എന്തെങ്കിലും ഉണ്ടെങ്കിൽ :

മുകളിൽ പറഞ്ഞ വിവരങ്ങൾ സത്യവും ശരിയുമാണെന്ന്.......................................... എന്ന ഞങ്ങൾ ഇതിനാൽ സത്യപ്രസ്താവന ചെയ്തുകൊള്ളുന്നു.

സ്ഥലം :

തീയതി : പ്രസിഡന്റ്

സെക്രട്ടറി

(അസോസിയേഷന്റെ മുദ്ര)

## ഫാറം നമ്പർ IV

(ചട്ടം 9 (2) കാണുക)

# അഡ്വക്കേറ്റ് ക്ലാർക്ക്സ് അസോസിയേഷനുള്ള അംഗീകാരവും രജിസ്ട്രേഷനും സർട്ടിഫിക്കറ്റ്

രജിസ്ട്രേഷൻ നമ്പർ :

.................................................(സ്ഥലം) അഡ്വക്കേറ്റ് ക്ലാർക്ക്സ് അസോസിയേഷനെ 2003-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി ആക്റ്റിലെ (2003-ലെ 27) 15-ാം വകുപ്പ് (3)-ാം ഉപവകുപ്പ് പ്രകാരം ഒരു അഡ്വക്കേറ്റ് ക്ലാർക്ക്സ് അസോസിയേഷനായി കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി കമ്മിറ്റി അംഗീകരിക്കുകയും രജിസ്റ്റർ ചെയ്തതായി സാക്ഷ്യപ്പെടുത്തിക്കൊള്ളുന്നു.

സെക്രട്ടറി

സ്ഥലം : കേരള അഡ്വക്കേറ്റ് /

തീയതി : ക്ലാർക്ക്സ് ക്ഷേമനിധി കമ്മിറ്റി.

# ഫാറം നമ്പർ V

(ചട്ടം 10 (1) കാണുക)

## കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധിയിൽ അംഗത്വത്തിനുള്ള അപേക്ഷ

(2003-ലെ കേരള ക്ലാർക്ക്സ് ക്ഷേമനിധി ആക്റ്റ് പ്രകാരം രൂപീകരിച്ചത്)

സെക്രട്ടറി,
കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ്
ക്ഷേമനിധി കമ്മിറ്റി,
തിരുവനന്തപുരം

സമീപകാലത്ത് എടുത്ത
പാസ്സ്പോർട്ട് വലുപ്പത്തി
ലുള്ള ഫോട്ടോ പതിപ്പി
ക്കുന്നതിനുള്ള സ്ഥലം

സർ,

(എ) ഞാൻ.........................................വർഷം മുതൽ...................................സ്ഥലത്ത് ജോലി ചെയ്യുന്ന ഒരു അഡ്വക്കേറ്റ് ക്ലാർക്കാണ് എന്നും ;

(ബി) ഞാൻ ഒരു അവിമുക്ത നിർദ്ധനൻ അല്ല എന്നും ;

(സി) സാന്മാർഗ്ഗിക ദൂഷ്യം ഉൾപ്പെടുന്ന ഒരു കുറ്റത്തിന് യാതൊരു കോടതിയും ഒരിക്കലും എനിക്ക് ശിക്ഷ നൽകിയിട്ടില്ല; അഥവാ സാന്മാർഗ്ഗികദൂഷ്യം ഉൾപ്പെടുന്ന ഒരു കുറ്റത്തിനുള്ള ശിക്ഷ കഴിഞ്ഞ് എന്നെ വിട്ടയച്ചതിനുശേഷം രണ്ട് വർഷക്കാലം കഴിഞ്ഞിരിക്കുന്നു എന്നും;

(ശിക്ഷിക്കപ്പെട്ട സംഗതിയിൽ, അപ്രകാരമുള്ള ശിക്ഷയുടെ വിശദവിവരങ്ങൾ നൽകേണ്ടതാണ്)

(ഡി) ഞാൻ മുഴുവൻ സമയ വൃത്തിയിലോ തൊഴിലിലോ അപ്രകാരമുള്ള ഏതെങ്കിലും പാർട്ട്ടൈം തൊഴിലിലോ മറ്റ് പണിയിലോ ഏർപ്പെടുന്നില്ല എന്നും;

(ഇ) ഞാൻ കമ്മിറ്റി അംഗീകരിച്ചതും രജിസ്റ്റർ ചെയ്തതുമായ............................. അഡ്വക്കേറ്റ് ക്ലാർക്ക്സ് അസോസിയേഷനിലെ (രജിസ്റ്റർ നമ്പർ............) ഒരംഗമാണ് എന്നും;

(എഫ്) ഞാൻ മറ്റേതെങ്കിലും അസോസിയേഷൻ മുഖേന ഒരപേക്ഷ നൽകിയിട്ടില്ല എന്നും;

(ജി) ഞാൻ പ്രവേശന ഫീസായി..................................................രൂപയുടെ ട്രഷറി ചെലാനും അംഗത്വ ഫീസ് മുഴുവനായി/ഒന്നാം ഗഡുവായി അടച്ച ..................... രൂപയുടെ മറ്റൊരു ട്രഷറി ചെലാനും ഇതോടൊപ്പം അടക്കം ചെയ്യുന്നു എന്നും;

ഞാൻ പ്രഖ്യാപിച്ചുകൊള്ളുന്നു.

കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധിയിൽ ഒരംഗമായി എനിക്ക് പ്രവേശനം നൽകണമെന്ന് ഞാൻ അപേക്ഷിച്ചുകൊള്ളുന്നു.

ഇതിൽ നൽകിയിട്ടുള്ള വിവരങ്ങളും പ്രസ്താവനകളും എന്റെ അറിവിലും വിവരത്തിലും വിശ്വാസത്തിലും പെട്ടിടത്തോളം സത്യമാകുന്നു.

കമ്മിറ്റിക്ക്, ഈ അപേക്ഷയുമായി ബന്ധപ്പെട്ട ഏതൊരു വിവരങ്ങളും വിശദാംശങ്ങളും നൽകാമെന്ന് ഞാൻ സമ്മതിക്കുകയും ഉറപ്പു നൽകുകയും ചെയ്യുന്നു.

200....................ാമാണ്ട്...................................മാസം ......................തീയതിയിൽ

സ്ഥലം :

തീയതി :

അപേക്ഷകന്റെ കയ്യൊപ്പ്

## ഫാറം നമ്പർ VI

(ചട്ടം 10 (6) കാണുക)

### നോമിനിയെ പ്രഖ്യാപിക്കൽ

എന്റെ നോമിനി/നോമിനികൾ ആയി താഴെപ്പറയുന്ന, എന്റെ കുടുംബാംഗങ്ങളെ/ എനിക്ക് കുടുംബമില്ലാത്തിടത്തോളം ആളെ അല്ലെങ്കിൽ ആളുകളെ ഇതിനാൽ പ്രഖ്യാപിക്കുകയും, എനിക്ക് മരണം സംഭവിക്കുന്ന സമയത്ത്, കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധിയിൽ നിന്നും എനിക്ക് കിട്ടേണ്ടതായ തുക, താഴെ പറഞ്ഞിരിക്കുന്നവർക്ക് അവരുടെ പേരിന് നേരെ കാണിച്ചിരിക്കുന്ന രീതിയിൽ, കൊടുക്കേണ്ടതോ വിതരണം ചെയ്യേണ്ടതോ ആണ് എന്ന് നിർദ്ദേശിക്കുകയും ചെയ്യുന്നു.

| നോമിനി/നോമിനികളുടെ പേരും മേൽവിലാസവും | അഡ്വക്കേറ്റ് ക്ലാർക്കുമായുള്ള ബന്ധം | നോമിനിയുടെ പ്രായം | നൽകേണ്ട തുകയോ ഓഹരിയോ |
|---|---|---|---|
| (1) | (2) | (3) | (4) |
| 1. | | | |
| 2. | | | |
| 3. | | | |
| 4. | | | |

ഇതിൽ നൽകിയിട്ടുള്ള വിവരങ്ങളും പ്രസ്താവനകളും എന്റെ അറിവിലും വിവരത്തിലും വിശ്വാസത്തിലും പെട്ടിടത്തോളം സത്യമാകുന്നു.

ഈ അപേക്ഷയുമായി ബന്ധപ്പെട്ടുള്ള ഏതൊരു വിശദാംശങ്ങളും വിവരവും കമ്മിറ്റിക്ക് നൽകാമെന്ന് ഞാൻ സമ്മതിക്കുകയും ഉറപ്പുനൽകുകയും ചെയ്യുന്നു.

200................ാമാണ്ട്................................മാസം..............................തീയതിയിൽ

സ്ഥലം :
തീയതി :

രണ്ട് സാക്ഷികൾ

1. 　　　　　　　　　　അപേക്ഷകന്റെ കയ്യൊപ്പ്
2. 

കുറിപ്പ് :—1. ഏതെങ്കിലും ഒരു നോമിനിയ്ക്കോ നോമിനികൾക്കോ മരണം സംഭവിക്കുമ്പോൾ, കഴിയുന്നത്ര കാലതാമസമില്ലാതെ ഒരു പുതിയ പ്രഖ്യാപനവും നോമിനേഷൻ ഫാറവും ഫയൽ ചെയ്യേണ്ടതാണ്

2. അംഗത്തിന്, പിന്നീട് ഒരു കുടുംബം ഉണ്ടാകുന്നപക്ഷം, അയാൾ നിർണ്ണയിക്കപ്പെട്ട ഫാറത്തിൽ പുതിയ നോമിനേഷൻ സമർപ്പിക്കേണ്ടതാണ്.

3. ഫാറത്തിന്റെ മുകൾ ഭാഗത്ത്, നോമിനി/നോമിനികളുടെ പാസ്സ്പോർട്ട് വലിപ്പത്തിലുള്ള ഫോട്ടോ പതിപ്പിക്കേണ്ടതാണ്.

## ഫാറം നമ്പർ VII

(ചട്ടം 10 (7) കാണുക)

## അഡ്വക്കേറ്റ് ക്ലാർക്കിനെ ഫണ്ടിൽ അംഗമായി ചേർത്തതിനുള്ള സർട്ടിഫിക്കറ്റ്

2003-ലെ അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി ആക്റ്റിലെ 17-ാം വകുപ്പ് (2)-ാം ഉപവകുപ്പിൻകീഴിൽ ശ്രീ/ശ്രീമതി..................................................................................ന് മേൽപ്പറഞ്ഞ ഫണ്ടിൽ അംഗത്വം നൽകിയതായി കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി കമ്മിറ്റി സാക്ഷ്യപ്പെടുത്തുന്നു.

എന്റെ കയ്യൊപ്പോടും കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി കമ്മിറ്റിയുടെ മുദ്രയോടും കൂടി നൽകിയത്.

200..................ാമാണ്ട്..............................മാസം........................ദിവസം.......................തീയതിയിൽ

(മുദ്ര)

ചെയർമാൻ

## ഫാറം നമ്പർ VIII

[ചട്ടം 10 (10)-ഉം 11 (6) ഉം ചട്ടങ്ങൾ കാണുക)]

## ക്ഷേമനിധിയിലേക്ക് പുനഃപ്രവേശനത്തിനുള്ള അപേക്ഷ

1. പേരും മേൽവിലാസവും (വലിയ അക്ഷരത്തിൽ) :
2. അപേക്ഷകന്റെ വയസ്സും ജനനത്തീയതിയും :
3. അഭിഭാഷകന്റെ കീഴിൽ നിയമിക്കപ്പെട്ട തീയതി :
4. സേവനത്തിന്റെ വിശദവിവരങ്ങൾ :
5. സേവനം നടത്തിയിട്ടുള്ള സ്ഥലം അഥവാ സ്ഥലങ്ങൾ :
6. സേവനം താൽക്കാലികമായി നിർത്തിവയ്ക്കുകയയോ തുടരാതിരിക്കുകയോ, എന്തെങ്കിലുമുണ്ടെങ്കിൽ, അതിന്റെ വിശദവിവരങ്ങൾ സഹിതം :
7. മുമ്പ്, അഞ്ചു വർഷത്തിനുശേഷം അംഗത്വം പിൻവലിക്കുകയും 18 (3) വകുപ്പിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം ഒരു സമാഹൃത തുക കൈപ്പറ്റുകയും ചെയ്തിട്ടുണ്ടോയെന്ന് :
8. അങ്ങനെയങ്കിൽ, അതിന്റെ വിശദവിവരങ്ങൾ :
9. നോമിനി അഥവാ നോമിനികളുടെ പേരും മേൽവിലാസവും ഓരോരുത്തർക്കും നൽകേണ്ട ഓഹരിയുടെ അനുപാതം സഹിതം
10. 17-ാം വകുപ്പ്, (3) ഉം (4) ഉം (5) ഉം ഉപവകുപ്പുകളിൻകീഴിൽ ഫണ്ടിലേക്ക് അടച്ച തുകയും തീയതിയും (രസീത് വയ്ക്കേണ്ടതാണ്) :
11. പ്രവേശന ഫീസ് എങ്ങനെ അടച്ചു :
12. ഫണ്ടിലെ അംഗത്വത്തിലേക്ക് മുമ്പ് പ്രവേശനം നൽകിയ തീയതി :
13. ഫണ്ടിൽ നിന്നും മുമ്പ് വിരമിച്ച/പിൻമാറിയ തീയതി :

മുകളിൽ നൽകിയിട്ടുള്ള വിവരങ്ങൾ സത്യവും ശരിയുമാണെന്ന്.................................... എന്ന ഞാൻ ഇതിനാൽ സത്യപ്രസ്ഥാവന ചെയ്തുകൊള്ളുന്നു.

സ്ഥലം :

തീയതി :

അപേക്ഷകന്റെ കയ്യൊപ്പ്

## ഫാറം നമ്പർ IX

[ചട്ടം 12 (1) കാണുക]

### ഒരംഗം മരണപ്പെടുന്ന സംഗതിയിൽ ഫണ്ടിൽ നിന്നും തുക ലഭിക്കുന്നതിനുള്ള അപേക്ഷ

1. അപേക്ഷകന്റെ പേരും മേൽവിലാസവും :
2. അഡ്വക്കേറ്റ് ക്ലാർക്ക് മരണപ്പെട്ട തീയതിയും സ്ഥലവും :
3. അപേക്ഷകന് മരണപ്പെട്ട അഡ്വക്കേറ്റ് ക്ലാർക്കുമായുള്ള ബന്ധം :
4. മരണപ്പെട്ട അഡ്വക്കേറ്റ് ക്ലാർക്കിന്റെ പേരും മേൽവിലാസവും :
5. മരണപ്പെട്ട അഡ്വക്കേറ്റ് ക്ലാർക്ക് ജോലി ചെയ്തിരുന്ന കാലയളവ് :
6. മരണപ്പെട്ട അഡ്വക്കേറ്റ് ക്ലാർക്ക് യഥാർത്ഥത്തിൽ ജോലി ചെയ്തിരുന്ന സ്ഥലം അഥവാ സ്ഥലങ്ങൾ :
7. മരണപ്പെട്ട അഡ്വക്കേറ്റ് ക്ലാർക്ക്, കേരളാ അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധിയിൽ അംഗമായിരുന്നോ? അങ്ങനെയെങ്കിൽ രജിസ്ട്രേഷൻ നമ്പർ :
8. കുടുംബത്തിലെ മരണപ്പെട്ട അഡ്വക്കേറ്റ് ക്ലാർക്കിനെ ആശ്രയിച്ചു കഴിഞ്ഞിരുന്ന അംഗങ്ങളുടെ എണ്ണവും ഓരോരുത്തർക്കും പ്രസ്തുത അഡ്വക്കേറ്റ് ക്ലാർക്കുമായുള്ള ബന്ധവും :
9. അപേക്ഷകൻ നൽകാൻ താൽപ്പര്യപ്പെടുന്ന മറ്റേതെങ്കിലും വിശദാംശങ്ങളും വിവരങ്ങളും :

മുകളിൽ നൽകിയിട്ടുള്ള വിവരങ്ങളും പ്രസ്താവനകളും എന്റെ അറിവിലും വിവരത്തിലും വിശ്വാസത്തിലും പെട്ടിടത്തോളം സത്യമാകുന്നു.

ഈ അപേക്ഷയുമായി ബന്ധപ്പെട്ടുള്ള ഏതൊരു വിശദാംശങ്ങളും വിവരവും കമ്മിറ്റിക്ക് നൽകാമെന്ന് ഞാൻ സമ്മതിക്കുകയും ഉറപ്പുനൽകുകയും ചെയ്യുന്നു.

200.....................ാമാണ്ട്.....................മാസം.............തീയതിയിൽ

സ്ഥലം :

തീയതി :

അപേക്ഷകന്റെ കയ്യൊപ്പ്

## ഫാറം നമ്പർ X

[ചട്ടം 12 (2) കാണുക]

### ഫണ്ടിൽ നിന്നും പണം ലഭിക്കുന്നതിനു വേണ്ടി,സ്ഥിരമായ അവശത അനുഭവിക്കുന്ന ഒരംഗം നൽകുന്ന അപേക്ഷ

1. അപേക്ഷകന്റെ/അഡ്വക്കേറ്റ് ക്ലാർക്കിന്റെ പൂർണ്ണമായ പേര് :
2. വീടിന്റെ മേൽവിലാസം :
3. ആഫീസ് മേൽവിലാസം :
4. അപേക്ഷകൻ ജോലി ചെയ്തിരുന്നതോ ജോലി ചെയ്തുകൊണ്ടിരിക്കുന്നതോ ആയ അഡ്വക്കേറ്റ്/അഡ്വക്കേറ്റുമാരുടെ പേര്/പേരുകൾ :
5. ആനുകൂല്യം ആവശ്യപ്പെടുന്നതിനുള്ള കാരണങ്ങൾ :
6. സ്ഥിരമായ അവശതയ്ക്കുള്ള തെളിവ് :
7. സ്ഥിരമായ അവശത സംബന്ധിച്ച സത്യവാങ്മൂലം :
8. അപേക്ഷകൻ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധിയിലെ ഒരു അംഗമാണോ, അങ്ങനെ ആണെങ്കിൽ രജിസ്ട്രേഷൻ നമ്പർ :

മുകളിൽ നൽകിയിട്ടുള്ള വിവരങ്ങളും പ്രസ്താവനയും എന്റെ അറിവിലും വിവരത്തിലും വിശ്വാസത്തിലും പെട്ടിടത്തോളം സത്യമാകുന്നു.

കമ്മിറ്റിക്ക്, ഈ അപേക്ഷയുമായി ബന്ധപ്പെട്ട് ഏതൊരു വിവരങ്ങളും വിശദാംശങ്ങളും നൽകാമെന്ന് ഞാൻ സമ്മതിക്കുകയും ഉറപ്പുനൽകുകയും ചെയ്യുന്നു.

200......................ാമാണ്ട്......................മാസം..............തീയതിയിൽ

സ്ഥലം :

തീയതി :

അപേക്ഷകന്റെ കയ്യൊപ്പ്

# ഫാറം നമ്പർ XI

[ചട്ടം 6 (2) കാണുക]

## ക്ഷേമനിധി ഫണ്ടിൽ അംഗമായി ചേർത്തിട്ടുള്ളവരുടെ രജിസ്റ്ററിന്റെ മാതൃക

| ക്രമ നമ്പർ | അംഗത്വ നമ്പർ | അംഗത്തിന്റെ പേരും മേൽവിലാസവും | അഡ്വക്കേറ്റ് ക്ലാർക്ക്സ് അസോസിയേഷന്റെ പേര് | ജനന തീയതി വയസ് സഹിതം | നിയമന തീയതി | ഫണ്ടിലേക്ക് പ്രവേശനം ലഭിച്ച തീയതി | 18-ാം വകുപ്പ് പ്രകാരം പൂർത്തിയായിട്ടുള്ള വർഷം |
|---|---|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) | (7) | (8) |
| | | | | | | | |

## പട്ടിക

(ചട്ടം 11 കാണുക)

| | | |
|---|---|---|
| 30 | വർഷത്തെ സേവന കാലാവധിക്ക് | 1,00,000 |
| 29 | ,, | 96,657 |
| 28 | ,, | 93,333 |
| 27 | ,, | 90,000 |
| 26 | ,, | 86,667 |
| 25 | ,, | 83,333 |
| 24 | ,, | 80,000 |
| 23 | ,, | 76,667 |
| 22 | ,, | 73,333 |
| 21 | ,, | 70,000 |
| 20 | ,, | 66,667 |
| 19 | ,, | 63,333 |
| 18 | ,, | 60,000 |
| 17 | ,, | 56,667 |
| 16 | ,, | 53,333 |
| 15 | ,, | 50,000 |
| 14 | ,, | 46,667 |
| 13 | ,, | 43,333 |
| 12 | ,, | 40,000 |
| 11 | ,, | 36,667 |
| 10 | ,, | 33,333 |
| 9 | ,, | 30,000 |
| 8 | ,, | 26,667 |
| 7 | ,, | 23,333 |
| 6 | ,, | 20,000 |
| 5 | ,, | 16,667 |

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

**വി. രാംകുമാർ,**

ഗവൺമെന്റ് സെക്രട്ടറി

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമല്ല, എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.).

2003-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി ആക്റ്റിന്റെ 25-ാം വകുപ്പ്, ഈ ആക്റ്റിന്റെ ആവശ്യങ്ങൾ നടപ്പിലാക്കുന്നതിലേക്കായി, ഗസറ്റ് വിജ്ഞാപനംവഴി, ചട്ടങ്ങൾ ഉണ്ടാക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

സർക്കാർ അതിനാൽ മേൽപ്പറഞ്ഞ ആവശ്യത്തിലേക്കായി ചട്ടങ്ങളുണ്ടാക്കുന്നതിന് തീരുമാനിച്ചു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

അനുബന്ധം II

©
Government of Kerala
കേരള സർക്കാർ
2007

Reg. No. രജി. നമ്പർ
KL/TV(N)/12/2006-2008

# KERALA GAZETTE

# കേരള ഗസറ്റ്

## EXTRAORDINARY

അസാധാരണം

## PUBLISHED BY AUTHORITY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

| | | | |
|---|---|---|---|
| Vol. LII<br>വാല്യം 52 | Thriuvananthapuram<br>Monday<br>തിരുവനന്തപുരം,<br>തിങ്കൾ | 10th December 2007<br>2007 ഡിസംബർ 10<br>19th Agrahayana 1929<br>1929 അഗ്രഹായനം 19 | No.<br>നമ്പർ 2220 |

## കേരള സർക്കാർ

നിയമ (എച്ച്) വകുപ്പ്

### തിരുത്തൽ വിജ്ഞാപനം

ജി. ഒ. (എംഎസ്.) നമ്പർ 261/2007/നിയമം. തിരുവനന്തപുരം, 2007 ഡിസംബർ 6.

**എസ്. ആർ. ഒ. നമ്പർ 1025/2007.**—2004 ജൂൺ മാസം 17-ാം തീയതിയിലെ 1274-ാം നമ്പർ കേരള അസാധരണ ഗസറ്റിൽ എസ്. ആർ. ഒ. നമ്പർ 621/2004 ആയി പ്രസിദ്ധപ്പെടുത്തിയ 2004 ജൂൺ മാസം 17-ാം തീയതിയിലെ ജി. ഒ. (എംഎസ്.) നമ്പർ 83/2004/നിയമം വിജ്ഞാപനത്തിൽ,—

1. ചട്ടം 10-ൽ

(i) ഉപചട്ടം (2)-ൽ "അപേക്ഷാഫീസായി" എന്നത് "അഡ്മിഷൻഫീസായി" എന്ന് വായിക്കേണ്ടതാണ് ;

(ii) ഉപചട്ടം (3)-ൽ "അംഗത്വഫീസും " എന്നത് "അഡ്മിഷൻഫീസും" എന്ന് വായിക്കേണ്ടതാണ് ;

2. ഫാറം നമ്പർ V-ൽ (ജി) ഖണ്ഡത്തിലെ "പ്രവേശനഫീസായി" എന്നത്, "അപേക്ഷാഫീസായി" എന്നും "അംഗത്വഫീസ്" എന്നത് "അഡ്മിഷൻ ഫീസ്" എന്നും വായിക്കേണ്ടതാണ് ;

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം

പി. എസ്. ഗോപിനാഥൻ,
*നിയമവകുപ്പ് സെക്രട്ടറി.*

അനുബന്ധം III

©
Government of Kerala
കേരള സർക്കാർ
2006

Reg. No. രജി. നമ്പർ
KL/TV(N)/12/2006-2008

# KERALA GAZETTE

# കേരള ഗസറ്റ്

## EXTRAORDINARY

## അസാധാരണം

## PUBLISHED BY AUTHORITY

## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

| | | | | |
|---|---|---|---|---|
| Vol. LI<br>വാല്യം 51 | Thriuvananthapuram<br>Saturday<br>തിരുവനന്തപുരം,<br>ശനി | 4th March 2006<br>2006 മാർച്ച് 4<br>13th Phalguna 1927<br>1927 ഫാൽഗുനം 13 | No.<br>നമ്പർ | 519 |

## കേരള സർക്കാർ

നിയമ (എച്ച്) വകുപ്പ്

### വിജ്ഞാപനം

ജി. ഒ. (എംഎസ്.) നമ്പർ 33/2006. തിരുവനന്തപുരം, 2006 മാർച്ച് 4.

**എസ്. ആർ. ഒ. നമ്പർ 213/2006.**—2003-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി ആക്റ്റിലെ (2003-ലെ 27) 25-ാം വകുപ്പുപ്രകാരം നൽകിയിട്ടുള്ള അധികാരങ്ങൾ വിനിയോഗിച്ച് 2004 ജൂൺ 17-ാം തീയതിലെ ജി. ഒ. (എം.എസ്.) 83/2004/നിയമം എന്ന നമ്പർ ഉത്തരവിലൂടെ, 2004 ജൂൺ 17-ാം തീയതിയിലെ 1274-ാം നമ്പർ അസാധാരണ ഗസറ്റിൽ 2004-ലെ 621-ാം നമ്പർ എസ്. ആർ. ഒ. 621/2004 ആയി പ്രസിദ്ധീകരിച്ച 2004-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി ചട്ടങ്ങൾ ഭേദഗതി വരുത്തുന്നതിലേക്കായി കേരള സർക്കാർ താഴെ പറയും പ്രകാരം ചട്ടങ്ങൾ ഉണ്ടാക്കുന്നു, അതായത്:—

### ചട്ടങ്ങൾ

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ചട്ടങ്ങൾക്ക് 2006-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി ചട്ടങ്ങൾ എന്ന് പേര് പറയാം.

(2) ഇവ ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. ചട്ടങ്ങളുടെ ഭേദഗതി.—കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി ചട്ടങ്ങളുടെ 11-ാം ചട്ടത്തിൽ,—

(1) (2)-ാം ഉപചട്ടത്തിനുപകരം താഴെ പറയുന്ന ഉപചട്ടങ്ങൾ ചേർക്കേണ്ടതാണ്, അതായത്.—

"(2) ഒരംഗം, ഫണ്ടിൽ അംഗമായി പ്രവേശിച്ച്,—

(എ) അഞ്ച് വർഷത്തിനകം മരണം സംഭവിക്കുകയാണെങ്കിൽ ഫണ്ടിൽ നിന്നും പതിനയ്യായിരം രൂപയോ;

(ബി) അഞ്ച് വർഷത്തിനുശേഷം മരണം സംഭവിക്കുകയാണെങ്കിൽ അങ്ങനെയുള്ള അംഗം അഡ്വക്കേറ്റ് ക്ലാർക്കായി തൊഴിൽ ചെയ്ത വർഷങ്ങളുടെ എണ്ണം അടിസ്ഥാനപ്പെടുത്തി ഫണ്ടിൽ നിന്നും പട്ടികയിൽ പ്രത്യേകം പറഞ്ഞിട്ടുള്ള ഒരു സഞ്ചിത തുകയോ ;

അയാൾ നാമനിർദ്ദേശം ചെയ്ത ആൾക്കോ, അയാൾ നാമനിർദ്ദേശം ചെയ്തിട്ടില്ലായെങ്കിൽ അയാളുടെ ആശ്രിതർക്കോ നൽകേണ്ടതാണ്.

2 (എ) ഒരംഗത്തിന് ഫണ്ടിൽ അയാൾ അംഗമായി പ്രവേശിച്ച് അഞ്ച് വർഷങ്ങൾക്കുശേഷം ഏതു സമയത്തും അയാളുടെ അംഗത്വം പിൻവലിക്കാവുന്നതും അങ്ങനെ പിൻവലിക്കുമ്പോൾ,—

(1) അയാൾക്ക് അറുപത് വയസ്സ് പൂർത്തിയായിട്ടില്ലെങ്കിൽ അയാൾ ഫണ്ടിൽ അതുവരെ അടച്ചിട്ടുള്ള വാർഷിക വരിസംഖ്യയും അതിനു 6% പലിശയും കൂട്ടി കണക്കാക്കിയ ഒരു തുകയോ;

(2) അയാശിക്ക് അറുപത് വയസ്സ് പൂർത്തിയാകുകയോ സ്ഥിരമായ അവശത വന്നുഭവിക്കുകയോ ചെയ്യുന്നപക്ഷം ആ അംഗത്തിന് ഒരു

അഡ്വക്കേറ്റ് ക്ലാർക്കെന്ന നിലയിൽ അയാൾ തൊഴിൽ ചെയ്ത വർഷങ്ങളുടെ എണ്ണം അടിസ്ഥാനപ്പെടുത്തി പട്ടികയിൽ പറയുന്ന ഒരു സഞ്ചിത തുകയോ;

ഫണ്ടിൽ നിന്നും കിട്ടാൻ അർഹത ഉണ്ടായിരിക്കുന്നതാണ്.

2 (ബി) (1) "സ്ഥിരമായി അവശത അനുഭവിക്കുന്ന ഒരംഗത്തിന് അയാൾ ഫണ്ടിൽ പ്രവേശിച്ച അഞ്ചുവർഷത്തിനകം അംഗത്വം പിൻവലിക്കുന്നപക്ഷം അയാൾ അഡ്വക്കേറ്റ് ക്ലാർക്കായി കുറഞ്ഞത് പത്ത് വർഷമെങ്കിലും സേവനം അനുഷ്ഠിച്ചിട്ടുണ്ടെങ്കിൽ അയാൾക്ക് പതിനയ്യായിരം രൂപ ഫണ്ടിൽ നിന്ന് നൽകാവുന്നതാണ്."

(2) (3)-ാം ഉപചട്ടത്തിൽ "(2)-ാം ഉപചട്ടത്തിൽ പറഞ്ഞിരിക്കുന്ന പ്രകാരം" എന്ന വാക്കുകൾക്ക് പകരം "(2)-ാം (എ) ഉപചട്ടത്തിൽ പറഞ്ഞിരിക്കുന്ന പ്രകാരം" എന്നവാക്കുകളും ബ്രാക്കറ്റും ചേർക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം

**സൈനുദീൻ,**

*നിയമ വകുപ്പ് സെക്രട്ടറി.*

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമല്ല, എന്നാൽ, അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.).

2003-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി ആക്റ്റിന്റെ 18-ാം വകുപ്പനുസരിച്ച് ഒരംഗം തൊഴിൽ അവസാനിപ്പിക്കുമ്പോഴും, മരണപ്പെടുമ്പോഴും, 5 വർഷം പൂർത്തീകരിക്കുമ്പോഴും, സ്ഥിരമായി അവശത അനുഭവിച്ച് പിരിയുമ്പോഴും, നിർണ്ണയിക്കപ്പെടുന്ന നിരക്കിലുള്ള ഒരു സഞ്ചിത തുക അംഗത്തിനോ, അവകാശിക്കോ, നോമിനിക്കോ നൽകാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ 2004-ലെ കേരള അഡ്വക്കേറ്റ്സ് ക്ലാർക്ക്സ് ക്ഷേമനിധി ചട്ടങ്ങളിൽ ഇതിന് ഓരോന്നിനും നൽകേണ്ട തുക പ്രത്യേകം പ്രത്യേകമായി നിർണ്ണയിക്കപ്പെട്ടു കാണുന്നില്ല. ഈ അവ്യക്തത ദൂരീകരിക്കുന്നതിനു വേണ്ടി പ്രസ്തുത ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതികൾ വരുത്തുവാൻ സർക്കാർ തീരുമാനിച്ചു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിനുവേണ്ടി ഉദ്ദേശിച്ചുകൊണ്ടുള്ളതുമാണ് ഈ വിജ്ഞാപനം.

അനുബന്ധം IV

## സമിതി മുമ്പാകെ തെളിവ് നൽകിയവരുടെ പേര് വിവരം

**കോഴിക്കോട്**

(1) ശ്രീ. പി. ബി. ഷൗക്കത്ത് അലി, സ്പെഷ്യൽ സെക്രട്ടറി, നിയമ വകുപ്പ്

(2) ശ്രീ. എം. എച്ച്. ജയരാജൻ, ജോയിന്റ് സെക്രട്ടറി, നിയമ വകുപ്പ്

(3) ശ്രീമതി വി. സി. ഗീതാമണി, പ്രസിഡന്റ്, ബാർ അസോസിയേഷൻ, കോഴിക്കോട്

(4) ശ്രീ. പി. പി. രാഘവൻ, ജനറൽ സെക്രട്ടറി, കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് അസോസിയേഷൻ സ്റ്റേറ്റ് കമ്മിറ്റി, കണ്ണൂർ

(5) ശ്രീ. എൻ. രാധാകൃഷ്ണൻ, സെക്രട്ടറി, കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് അസോസിയേഷൻ, കോഴിക്കോട് ജില്ലാ കമ്മിറ്റി

(6) ശ്രീ. കെ. പി. രാമനുണ്ണി, സെക്രട്ടറി, കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് അസോസിയേഷൻ സ്റ്റേറ്റ് കമ്മിറ്റി, കോഴിക്കോട് ജില്ല

(7) ശ്രീ. കെ.ടി. രാജൻ, സെക്രട്ടറി, കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് അസോസിയേഷൻ, കണ്ണൂർ ജില്ലാ കമ്മിറ്റി

(8) ശ്രീ. രവീന്ദ്രൻ വാഴയിൽ, അഡ്വക്കേറ്റ് ക്ലാർക്ക്, സ്റ്റേറ്റ് കമ്മിറ്റി മെമ്പർ, കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് അസോസിയേഷൻ സ്റ്റേറ്റ് കമ്മിറ്റി, പേരാമ്പ്ര.

**എറണാകുളം**

(1) ശ്രീ. പി.എസ്. ഗോപിനാഥൻ, സെക്രട്ടറി, നിയമ വകുപ്പ്

(2) ശ്രീ. കെ. ജോൺ ബ്രിട്ടോ, അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്

(3) ശ്രീ. ചന്ദ്രഹാസൻ വടുതല, അസിസ്റ്റന്റ് ഇൻഫർമേഷൻ ഓഫീസർ, പബ്ലിക് റിലേഷൻസ് ഡിപ്പാർട്ട്മെന്റ്

(4) ശ്രീ. എം. എച്ച്. ജയരാജൻ, സെക്രട്ടറി, കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് വെൽഫയർ ഫണ്ട് കമ്മിറ്റി

(5) ശ്രീ. ടി. എൽ. ജോസഫ്, വൈസ് പ്രസിഡന്റ്, കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് അസോസിയേഷൻ സ്റ്റേറ്റ് കമ്മിറ്റി

(6) ശ്രീ. വി. ജി. മിഖായേൽ, പ്രസിഡന്റ്, കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് അസോസിയേഷൻ, എറണാകുളം ജില്ലാ കമ്മിറ്റി

(7) ശ്രീ. എം. വി. മുരളീധരൻ നായർ, സെക്രട്ടറി, കേരളാ അഡ്വക്കേറ്റ് ക്ലാർക്ക്സ് അസോസിയേഷൻ, എറണാകുളം ജില്ലാ കമ്മിറ്റി

(8) ശ്രീ. പി. എസ്. സുരേഷ് ബാബു, ജോയിന്റ് സെക്രട്ടറി, കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് അസോസിയേഷൻ, ഡിസ്ട്രിക്ട് കോർട്ട് യൂണിറ്റ്

(9) ശ്രീ. എൻ. മുകുന്ദൻ, മെമ്പർ, കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് അസോസിയേഷൻ, സ്റ്റേറ്റ് കമ്മിറ്റി

(10) ശ്രീ. കെ. പി. രഘുനാഥൻ നായർ, മെമ്പർ, കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് അസോസിയേഷൻ സ്റ്റേറ്റ് കമ്മിറ്റി

(11) ശ്രീ. കെ. പത്മനാഭൻ നമ്പ്യാർ, മെമ്പർ, കേരള ഹൈക്കോർട്ട് അഡ്വക്കേറ്റ് ക്ലാർക്ക്സ് അസോസിയേഷൻ

(12) ശ്രീ. എം. രാമകൃഷ്ണൻ, മെമ്പർ, കേരള ഹൈക്കോർട്ട് അഡ്വക്കേറ്റ് ക്ലാർക്ക്സ് അസോസിയേഷൻ

(13) ശ്രീ. എൻ. അപ്പുക്കുട്ടൻ നായർ, മെമ്പർ, കേരള ഹൈക്കോർട്ട് അഡ്വക്കേറ്റ് ക്ലാർക്ക്സ് അസോസിയേഷൻ

(14) ശ്രീ. വി. സി. സേവ്യർ, മെമ്പർ, കേരള ഹൈക്കോർട്ട് അഡ്വക്കേറ്റ് ക്ലാർക്ക്സ് അസോസിയേഷൻ

(15) ശ്രീ. ടി. എൻ. സുനിൽകുമാർ, മെമ്പർ, കേരള ഹൈക്കോർട്ട് അഡ്വക്കേറ്റ് ക്ലാർക്ക്സ് അസോസിയേഷൻ

(16) ശ്രീ. കെ. എ. ഗോപി, മെമ്പർ, കേരള ഹൈക്കോർട്ട് അഡ്വക്കേറ്റ് ക്ലാർക്ക്സ് അസോസിയേഷൻ